# പരലോകം?

ak@vazhi.org

## 1

### ബുദ്ധിപരവും ധാർമികവുമായ അനിവാര്യത

**ഭൂ**മിയിൽ മനുഷ്യാരംഭം മുതൽ യാഥാർത്ഥ്യത്തിൻെറ പേരിൽ എണ്ണമറ്റ അഭിപ്രായ ഭിന്നതകൾ ഉടലെടുത്തിട്ടുണ്ട്. ഇതേ ഭിന്നതകളുടെ പേരിൽ തറവാടുകളും കുടുംബങ്ങളും സമുദായങ്ങളും പിളർന്നിട്ടുണ്ട്. അങ്ങനെ വ്യത്യസ്ത ചിന്താഗതികൾ വെച്ചുപുലർത്തിയവർ വിവിധ മതങ്ങളെയും സമൂഹങ്ങളെയും സംസ്കാരങ്ങളെയും കെട്ടിപ്പടുക്കുകയോ അംഗീകരിക്കുകയോ ചെയ്തിട്ടുണ്ട്. ഓരോ ചിന്താഗതിയുടെയും സംരക്ഷണത്തിനും നിലനിൽപിനും കോടിക്കണക്കിനാളുകൾ വിവിധ കാലങ്ങളിൽ ജീവനും സമ്പത്തും സൗകര്യങ്ങളും ബലി കഴിച്ചിട്ടുണ്ട്. നിരവധി സന്ദർഭങ്ങളിൽ ഈ വ്യത്യസ്ത ചിന്താഗതികളുടെ സംരക്ഷകന്മാർക്കിടയിൽ കടുത്ത സംഘട്ടനങ്ങൾ നടക്കുകയും ഒരു വിഭാഗം മറു വിഭാഗത്തെ നശിപ്പിക്കുവാൻ ശ്രമിക്കുകയും ചെയ്തിരുന്നു.

നശിക്കുന്നവർ നശിച്ചുകൊണ്ടിരിക്കുമ്പോൾ പോലും തങ്ങളുടെ ചിന്താഗതികൾ കൈയൊഴിച്ചിട്ടില്ല. ഗുരുതരവും സുപ്രധാനവുമായ ഈ അഭിപ്രായ ഭിന്നതകളിൽ സത്യം ഏതായിരുന്നു, അസത്യം ഏതായിരുന്നു നേർമാർഗത്തിൽ ആരായിരുന്നു ദുർമാർഗത്തിൽ ആർ എന്നിങ്ങനെയുള്ള കാര്യങ്ങൾ എപ്പോഴെങ്കിലും ഖണ്ഡിതവും വ്യക്തവുമായി അറിയണമെന്നത് ബുദ്ധിയുടെ തേട്ടമാണ്. ഈ ഭൂമിയിൽ വെച്ചാണെങ്കിൽ അവ്യക്തതയുടെ ഈ മറകൾ നീങ്ങുവാനുള്ള സാധ്യതകൾ കാണപ്പെടുന്നില്ല. ഈ ലോകത്തിൻെറ വ്യവസ്ഥ തന്നെ യാഥാർത്ഥ്യത്തിൻെറ മുകളിൽ നിന്ന് മറനീക്കാൻ സാധ്യമാകുന്ന വിധത്തിലല്ല. അതിനാൽ അനിവാര്യമായും ബുദ്ധിയുടെ ഈ ആവശ്യം പൂർത്തീകരിക്കാൻ മറ്റൊരു ലോകം ഉണ്ടാവേണ്ടിയിരിക്കുന്നു.

ഇത് കേവലം ബുദ്ധിയുടെ തേട്ടമല്ല മറിച്ച് ധർമത്തിൻെറ തേട്ടം കൂടിയാണ്. എന്തുകൊണ്ടെന്നാൽ ഈ ഭിന്നാഭിപ്രായങ്ങളിലും സംഘട്ടനങ്ങളിലും ഒട്ടേറെ വിഭാഗങ്ങൾ പങ്കെടുത്തിട്ടുണ്ട്. ചിലർ അക്രമം പ്രവർത്തിച്ചിരിക്കുന്നു. ചിലർ അക്രമം സഹിച്ചിരിക്കുന്നു. ചിലർ ബലി കൊടുത്തിരിക്കുന്നു. ചിലർ ബലി സ്വീകരിച്ചിരിക്കുന്നു. ഓരോരുത്തരും തൻെറ വീക്ഷണഗതിക്കനുസരിച്ച് ഓരോ ധാർമിക ചിന്താരീതിയും തത്വശാസ്ത്രവും സ്വീകരിച്ചിരിക്കുകയാണ്. അതനുസരിച്ച് കോടിക്കണക്കിൽ ആളുകളുടെ ജീവിതം നന്നാവുകയോ ചീത്തയാവുകയോ ചെയ്തിരിക്കുന്നു. അതിനാൽ ഏതെങ്കിലും ഒരവസരത്തിൽ ഇവയുടെ ധാർമികമായ പരിണാമം അനുഗ്രഹത്തിൻേറയോ ശിക്ഷയുടെയോ രൂപത്തിൽ പ്രകടമാകേണ്ടിയിരിക്കുന്നു. ഈ ഭൂലോകത്തിൻെറ വ്യവസ്ഥയാണെങ്കിൽ ധാർമികമായ പരിണാമത്തിൻെറ പൂർണവും ശരിയുമായ പ്രകടനം ഉൾക്കൊള്ളുന്നുമി

ല്ല. അതിനാൽ ഈ പരിണാമം പൂർണമായി പ്രകടമാവുന്ന മറ്റൊരു ലോകം ഉണ്ടാവേണ്ടിയിരിക്കുന്നു.

മനുഷ്യന്റെ മനസ്സാക്ഷിയിൽ നൈസർഗികമായ ഒരു നന്മ-തിന്മ ബോധമുണ്ട്. മനുഷ്യൻ വെറുമൊരു ജന്തുവല്ല; മറിച്ച്, ഒരു ധാർമിക ജീവിയാണ് എന്നതിനുള്ള ഖണ്ഡിതമായ തെളിവത്രേ ഇത്.

ദൈവത്തിന്റെ ഈ സാമ്രാജ്യത്തിൽ പ്രകൃതിനിയമം എന്നു വിളിക്കുന്ന ഒരേയൊരു നിയമം മാത്രമല്ല നടന്നുവരുന്നത്. ധാർമികനിയമം എന്നൊന്നുകൂടി ഇവിടെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുണ്ട്. ഒരാൾ അപരനോട് തിന്മ ചെയ്തിട്ട് മനസ്സാക്ഷിയെ അടിച്ചമർത്തി സന്തോഷിക്കാൻ കഴിഞ്ഞാൽതന്നെ, അപരൻ അവനോട് തിന്മ ചെയ്യുകയാണുണ്ടായതെങ്കിൽ, ആ ദുഷ്കൃത്യം ചെയ്തവൻ ശിക്ഷിക്കപ്പെടണമെന്ന് അവന്റെ ഉള്ളം കൊതിക്കുകതന്നെ ചെയ്യുന്നു. മനുഷ്യന്റെ അന്തരാളത്തിൽ ഇങ്ങനെയൊരു വിമർശക മനസ്സ് ഉണ്ടെന്നത് അനിഷേധ്യമായ യാഥാർഥ്യമാണെങ്കിൽ, ഇതേ വിമർശകമനസ്സ് മരണാനന്തര ജീവിതത്തിനുകൂടി മനുഷ്യപ്രകൃതി ഉൾക്കൊള്ളുന്ന ഒരു സാക്ഷ്യമാണെന്ന കാര്യവും അനിഷേധ്യമാകുന്നു. എന്തുകൊണ്ടെന്നാൽ, താൻ ഉത്തരവാദിയായ, നല്ലതും ചീത്തയുമായ തന്റെ പ്രവർത്തനങ്ങൾക്ക് രക്ഷയോ ശിക്ഷയോ ലഭിക്കേണ്ടത് അനിവാര്യമാണെന്ന് മനുഷ്യപ്രകൃതി താൽപര്യപ്പെടുന്നുണ്ട്. ഈ രക്ഷ-ശിക്ഷകളാകട്ടെ, മരണാനന്തര ജീവിതമല്ലാത്ത മറ്റൊരവസ്ഥയിലും നിറവേറുക സാധ്യമല്ല.

മനുഷ്യനിൽ ബുദ്ധിയും, ധാർമികബോധവും, സ്വതന്ത്രമായ ഉത്തരവാദിത്വവും, കൈകാര്യാധികാരങ്ങളും നിക്ഷേപിക്കുകയും, സകല വിധ കഴിവുകളും ആർജിക്കാനുതകുന്ന ഇന്ദ്രിയങ്ങളും, ജ്ഞാനോപാധികളേകുകയും, ചിന്തിക്കാനും മനസ്സിലാക്കാനും വിവരങ്ങൾ സമുച്ചയിച്ച് അതിൽനിന്ന് പുതിയ വിവരങ്ങൾ കണ്ടെത്താനും കെല്പുറ്റ മനുസ്സു നൽകുകയും, ശരിയും തെറ്റും, നന്മയും തിന്മയും വേർതിരിക്കാൻ പര്യാപ്തമായ ധാർമികബോധവും വിവേചനശക്തിയുമേകി സ്വന്തം കർമ്മമണ്ഡലം സ്വയം തെരെഞ്ഞെടുക്കുവാനും തന്റെ കർമ്മശേഷി ഏതു മാർഗത്തിൽ വ്യയം ചെയ്യണമെന്ന് നിശ്ചയിക്കുവാനും, ഇഷ്ടമുണ്ടെങ്കിൽ തന്റെ സ്രഷ്ടാവിനെ അംഗീകരിക്കുവാനും, ഇല്ലെങ്കിൽ നിഷേധിക്കാനും ഒക്കെയുള്ള സ്വാതന്ത്ര്യവും മനുഷ്യനു നല്കിയശേഷം, അവന്റെ ജീവിതത്തിന്റെ കണക്ക് ഒരിക്കലും പരിശോധിക്കുകയില്ലെന്ന്, ബുദ്ധിപരവും ധാർമ്മികവുമായ ഉത്തരവാദിത്വത്തെ മുൻനിർത്തി, ഓരോ മനുഷ്യനും അർഹിക്കുന്ന രക്ഷയോ ശിക്ഷയോ നൽകാതെ വിട്ടേക്കുമെന്ന് എങ്ങനെ പ്രതീക്ഷിക്കാം?

സമ്പത്തിന്റെയോ സ്ഥാവരസ്വത്തുക്കളുടെയോ കർമ്മങ്ങളുടെയോ ഉത്തരവാദിത്വമേൽപിക്കപ്പെടുന്ന മനുഷ്യൻ എപ്പോഴെങ്കിലും അവയുടെയെല്ലാം കണക്കു ബോധിപ്പിക്കേണ്ടത് അനിവാര്യമാണെന്ന്, മനുഷ്യന് നൽകപ്പെട്ടിട്ടുള്ള പരിമിതമായ യുക്തിയും ജ്ഞാനവും മുൻനിർത്തി ചിന്തിച്ചാൽ പോലും മനസ്സിലാക്കാവുന്നതാണ്.

മരണാനന്തരം മനുഷ്യൻ എന്നെന്നേക്കുമായി ഇല്ലാതായിപ്പോവുകയാണെങ്കിൽ അവന് പ്രതിഫലം വിലക്കപ്പെട്ടുപോകുന്ന ഒരുപാട് സൽക്കർമങ്ങളുണ്ടായിരിക്കുമെന്നത് സാമാന്യബുദ്ധിയുള്ള ആർക്കും നിഷേധിക്കാനാവില്ല. അവൻ ഒരു പാട് കുറ്റങ്ങളിൽനിന്ന് ന്യായമായി ശിക്ഷിക്കപ്പെടാതെ രക്ഷപ്പെടുകയും ചെയ്യും. അതിനാൽ, ബുദ്ധിയുള്ള മനുഷ്യൻ ബുദ്ധിശൂന്യമായ പ്രാപഞ്ചിക വ്യവസ്ഥയിലാണ് ജനിച്ചു ജീവിക്കുന്നതെന്നുമുള്ള മൂഢവിശ്വാസം അംഗീകരിക്കാത്തിടത്തോളം കാലം മനുഷ്യന് മരണാനന്തര ജീവിതത്തെ നിഷേധിക്കാനാവില്ല.

# 2

## ദൈവിക യുക്തിയുടെയും നീതിയുടെയും താൽപര്യം

പ്രപഞ്ചത്തിൽ മനുഷ്യന് ഏകദൈവം അതിവിശിഷ്ടമായ ശരീരാകാരവും യോഗ്യതകളും പ്രദാനം ചെയ്യുകയും,കോലം കൊണ്ടും കഴിവുകൊണ്ടും അവൻ മനുഷ്യനെ ഭൂമിയിലുള്ള മറ്റെല്ലാ സൃഷ്ടികളേക്കാൾ ശ്രേഷ്ഠനാക്കുകയും, തദടി സ്ഥാനത്തിൽ ഭൂമിയിലും അതിൻെറ പരിസരത്തും കാണപ്പെടുന്ന സകല വസ്തുക്കളെയും നിയന്ത്രിക്കാൻ മനുഷ്യനെ യോഗ്യനാക്കുകയും ചെയ്തിരിക്കുന്നു. ഇവ്വിധം യുക്തിപൂർണവും സലക്ഷ്യവുമായ ഒരു പ്രാപഞ്ചിക വ്യവസ്ഥയിൽ ഇത്തരം അധികാരങ്ങളും സ്വാതന്ത്ര്യങ്ങളുമുള്ള സൃഷ്ടിയെ സൃഷ്ടിച്ചുവെങ്കിൽ, ആ സൃഷ്ടിയെ കടിഞ്ഞാണില്ലാത്ത കുതിരയെപ്പോലെ ഉത്തരവാദിത്വ ശൂന്യനായി ഉപേക്ഷിക്കുക എന്നതല്ല യുക്തിയുടെ താൽപര്യമെന്ന് വ്യക്തമാണല്ലോ? പ്രത്യുത, ആ സൃഷ്ടി പ്രപഞ്ചത്തിൽ അവന് പ്രസ്തുത അധികാരാവകാശങ്ങളും കഴിവുകളും സ്ഥാനമാനങ്ങളും നല്കിയതാരാണോ അവൻെറ മുമ്പിൽ ഉത്തരം ബോധിപ്പിക്കാൻ ബാധ്യസ്ഥനായിരിക്കുക എന്നതാണതിൻെറ അനിവാര്യ താൽപര്യം.

ഈ പ്രപഞ്ച വ്യവസ്ഥയിൽ നിന്ന്, അതിൻെറ സ്രഷ്ടാവ്, പരിപൂർണയുക്തിജ്ഞനാണെന്നതിന് നമുക്ക് തെളിവ് ലഭിക്കുന്നു. എന്നിരിക്കെ മനുഷ്യനെ ബുദ്ധിയും ബോധവും സ്വാതന്ത്ര്യവും ഇഛാശക്തിയുമുള്ള ഒരു സൃഷ്ടിയാക്കിയതിനുശേഷം, തൻെറ ഭൂമിയിലുള്ള നിരവധി വസ്തുക്കളിൽ ഉപഭോഗാവകാശം നൽകിയതിനുശേഷം, അവൻെറ ജീവിതത്തിൻെറ കണക്ക് ചോദിക്കാതിരിക്കുക, അവനോട് അക്രമം പ്രവർത്തിച്ചവരെ വിചാരണ ചെയ്യാതിരിക്കുക, അക്രമിക്കപ്പെട്ടവരോട് നീതികാണിക്കാതിരിക്കുക, നന്മ പ്രവർത്തിച്ചവർക്ക് പ്രതിഫലവും തിന്മ പ്രവർത്തിച്ചവർക്ക് ശിക്ഷയും നൽകാതിരിക്കുക, താൻ ഏൽപിച്ചിരുന്ന അമൂല്യമായ വസ്തുക്കൾ എന്തുചെയ്തു എന്ന് അന്വേഷിക്കുകപോലും ചെയ്യാതിരിക്കുക ഇതെല്ലാം അവൻെറ യുക്തിക്ക് എതിരാണെന്ന് മനസ്സിലാക്കാൻ പ്രയാസമില്ല.

ധർമങ്ങളിൽ, പുണ്യ-പാപങ്ങൾ തമ്മിലും, കർമ്മങ്ങളിൽ, നന്മ-തിന്മകൾ തമ്മിലുള്ള വ്യത്യാസത്തിൻെറ അനിവാര്യ താൽപര്യമാണല്ലോ സുകൃതരുടെയും ദുഷ്കൃതരുടെയും പരിണതി ഒരുപോലെ ആയി ക്കൂടാ എന്നത്.

സുകൃതന് സൽക്കർമങ്ങളുടെ ഫലം ലഭിക്കണം.

ദുഷ്കൃതന് ദുഷ്കർമങ്ങളുടെ ഫലം ലഭിക്കണം.

അങ്ങനെ സംഭവിക്കുന്നില്ലങ്കിൽ സുകൃതിയുടെയും ദുഷ്കൃതിയുടെയും പരിണതി ഒരുപോലെത്തന്നെയാണെങ്കിൽ നന്മ തിന്മകൾ തീരെ നിരർത്ഥമായിത്തീരുന്നു. ദൈവം നീതിമാനെല്ലന്ന് വന്നുകൂടുകയും ചെയ്യും.

യാഥാർത്ഥ്യം ഇതാണെങ്കിൽ അന്ത്യദിനവും മരണാനന്തര ജീവിതവും യുക്തിമാനായ ഏകദൈവത്തിൻെറ യുക്തിയുടെയും തത്വദീക്ഷയുടെയും അനിവാര്യതാൽപര്യങ്ങളാണ്. അവ പൂർത്തീകരിക്കപ്പെടലല്ല, പൂർത്തീകരിക്കപ്പെടാതിരിക്കലാണ് മനുഷ്യബുദ്ധിക്ക് തികച്ചും വിദൂരമായിട്ടുള്ളത്.

ഈ ലോകത്ത് അന്ധമായി ജീവിക്കുകയും തൻെറ ദുസ്വഭാവങ്ങളിലൂടെയും ദുർവൃത്തികളിലൂടെയും ദൈവത്തിൻെറ ഭൂമിയിൽ നാശം പരത്തുകയും ചെയ്ത ഒരാൾ തൻെറ ദുഷ്ടതയുടെ യാതൊരു ഫലവും അനുഭവിക്കാതിരിക്കുക; ഈ ലോകത്ത് കണ്ണ് തുറന്ന് കാര്യങ്ങൾ മനസ്സിലാക്കി ഏകദൈവവിശ്വാസിയായി മരിക്കുകയും സൽക്കർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്ത മനുഷ്യന്ന് തൻെറ സൽവൃത്തികളുടെ സൽഫലം വിലക്കപ്പെടുകയും ചെയ്യുക. ബുദ്ധിയുള്ള ആർക്കെങ്കിലും ഇത് ശരിയെന്നംഗീകരിക്കാൻ കഴിയുമോ?

ഒരാൾ ജീവിതകാലം മുഴുവൻ ധാർമിക നിയമങ്ങൾ പാലിക്കുന്നു. അവകാശികൾക്ക് അവരുടെ അവകാശങ്ങൾ വകവെച്ചുകൊടുക്കുന്നു.

അവിഹിത നേട്ടങ്ങളും സുഖങ്ങളും ത്യജിക്കുന്നു.

സത്യത്തിനും നീതിക്കും വേണ്ടി പലവിധ നഷ്ടങ്ങൾ സഹിക്കുന്നു.

മറ്റെയാളോ തൻെറ ജഢികേഛകൾ, മുന്നിൽ കണ്ട ഏതു മാർഗേണയും പൂർത്തീകരിക്കുന്നു.

അയാൾ ഏകദൈവത്തിൻെറ അവകാശങ്ങൾ അംഗീകരിക്കുന്നില്ല.

സൃഷ്ടികളുടെ അവകാശങ്ങൾ കൈയേറുന്നതിന് മടിക്കുന്നില്ല.

എങ്ങനെയെല്ലാം തനിക്ക് സുഖങ്ങളും നേട്ടങ്ങളും വാരിക്കൂട്ടാമോ അങ്ങനെയെല്ലാം അയാളത് വാരിക്കൂട്ടുന്നു.

ഈ രണ്ടിനം മനുഷ്യരുടെ ജീവിതങ്ങൾ തമ്മിലുള്ള വ്യത്യാസം അവഗണിച്ചു കളയുന്നവനാണ് ദൈവം എന്ന് പ്രതീക്ഷിക്കാമോ?

അന്ത്യശ്വാസം വരെ ഈ രണ്ടുകൂട്ടരുടെയും ജീവിതം ഒരുമാതിരി ആയിരുന്നില്ല. മരണാനന്തരം ഇരുവരുടെയും പരിണതി ഒരുപോലെയാവുകയാണെങ്കിൽ ദൈവത്തിൻെറ ദിവ്യ വ്യവസ്ഥിതിയിലിതുപരി അനീതി എന്തുള്ളു?

എന്നാൽ പരലോകമില്ലെങ്കിൽ, ദൈവത്തിങ്കൽ ഒരു വിചാരണയുമില്ലെങ്കിൽ, മനുഷ്യകർമങ്ങളെ ആസ്പദിച്ചുള്ള രക്ഷാശിക്ഷകളില്ലെങ്കിൽ, അവയിൽനിന്നൊക്കെ ഏകദൈവത്തിൻെറ യുക്തിയും നീതിയും നിഷേധിക്കപ്പെടുകയും പ്രപഞ്ച സംവിധാനമാകെ അന്ധവും അവ്യവസ്ഥിതവും ആയിത്തീരുന്നുവെന്ന് വ്യക്തം.

ഇതെല്ലാം ബുദ്ധിയുടെയും യുക്തിയുടെയും താൽപര്യത്തിന് വിരുദ്ധമാണെങ്കിൽ പരലോകനിഷേധവും യുക്തിക്കും നീതിക്കും വിരുദ്ധമാകാതെതരമില്ല.

ഈ ലോകത്ത് ദുർമാർഗത്തിൽ ചരിക്കുന്നവർ നന്മക്ക് പ്രതിഫലമോ തിന്മക്ക് ശിക്ഷയോ ഉണ്ടാവരുതെന്നാണ് ആഗ്രഹിക്കുന്നതെന്നുള്ളത് തീർച്ചയാണ്. കാരണം, ആ സങ്കൽപം തന്നെ അവരുടെ ജീവിതത്തിന് മങ്ങലേൽപിക്കും.
പക്ഷേ, സച്ചരിതരായ ഏകദൈവവിശ്വാസി ഈ ലോകത്ത് എങ്ങനെ ജീവിതം നയിച്ചുവെന്നും പാപിയായ നിഷേധി ഇവിടെ എന്തെല്ലാം കാട്ടിക്കൂട്ടിയെന്നും തീരെ നോക്കാതെ ശിഷ്ടനോടും ദുഷ്ടനോടും ഒരേ വിധം പെരുമാറുക എന്നുള്ളത് സർവലോക നാഥൻെറ യുക്തിദീക്ഷക്കും നീതിനിഷ്ഠക്കും ഒട്ടും നിരക്കുന്നതല്ല.
പരലോകനിഷേധം യുക്തിയെയും നീതിയെയും നിരർത്ഥമാക്കുക മാത്രമല്ല ചെയ്യുന്നത്. ധാർമികതയുടെ കടപുഴക്കുകകൂടി ചെയ്യുന്നുണ്ട്. അതിനാൽ ദുഷ്ടൻെറയും ശിഷ്ടൻെറയും പരിണതി ഒന്നുതന്നെയാണെങ്കിൽ ദുഷ്ടനായിരിക്കും അതിസമർത്ഥൻ. അവൻ മരിക്കും മുമ്പ് അവൻെറ ആഗ്രഹങ്ങളെല്ലാം സഫലമാകുന്നുണ്ടല്ലോ. തൻെറ മേൽ പലവിധ ബാധ്യതകൾ സ്വയം ചുമത്തുന്ന ശിഷ്ടൻ മഹാ വിഡ്ഢിയുമായിരിക്കും.

കുറ്റകൃത്യങ്ങൾക്ക് ശിക്ഷയും മഹത്തായ സേവനങ്ങൾക്ക് സമ്മാനവും ലഭിക്കേണ്ടത് അനിവാര്യമാണെന്ന് മനുഷ്യൻെറ ബുദ്ധിയും പ്രകൃതിയും ഖണ്ഡിതമായി വിധിക്കുന്നു. ഈയടിസ്ഥാനത്തിലാണല്ലോ ലോകത്തെല്ലാ സമൂഹങ്ങളിലും ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിലുള്ള നീതിന്യായ വ്യവസ്ഥ നിലനില്ക്കുന്നത്.

പ്രശംസനീയമായിക്കരുതുന്ന സേവനങ്ങൾക്ക് പുരസ്കാരം നല്കാനും ഏതെങ്കിലും രൂപത്തിലുള്ള ഏർപ്പാടുകളും എല്ലായിടത്തുമുണ്ട്. ധർമ്മങ്ങളും പ്രതിഫലനിയമവും തമ്മിൽ മനുഷ്യന് നിഷേധിക്കാനാവാത്ത വിധത്തിലുള്ള ഒരനിവാര്യബന്ധമുണ്ട് എന്നാണിത് വ്യക്തമാക്കുന്നത്.
ഇപ്പോൾ ഈ ലോകത്ത്, കർത്താവിന് പൂർണ ശിക്ഷയിരിക്കട്ടെ, യാതൊരു ശിക്ഷയും നൽകപ്പെടാനാവാത്ത നിരവധി കുറ്റകൃത്യങ്ങളും, പൂർണമായ പുരസ്ക്കാരം പോയിട്ട് യാതൊരു പ്രതിഫലവും സമ്മാനിക്കപ്പെടാനാവാത്ത എണ്ണമറ്റ സൽകൃത്യങ്ങളും ഉണ്ടെന്നു സമ്മതിക്കുന്നുവെങ്കിൽ പരലോകത്തെ അംഗീകരിക്കാതെ യാതൊരു നിർവാഹവുമില്ല.

നീതിബോധമുള്ള മനുഷ്യൻ ഉണ്ടായിട്ടുള്ളത് എല്ലാവിധ നീതിസങ്കല്പ്പങ്ങളിൽനിന്നും മുക്തമായ ഒരു ലോകത്താണെന്നു സങ്കല്പ്പിക്കുന്നവർ, അങ്ങനെയുള്ളൊരു ലോകത്ത് ജന്മം കൊള്ളുന്ന മനുഷ്യൻെറയുള്ളിൽ നീതിയുടെതായ ഈ വിഭാവന എവിടെനിന്നു വന്നു എന്ന ചോദ്യത്തിന് ഉത്തരം പറയാൻ ബാധ്യസ്ഥരാണ്.

മനുഷ്യചരിത്രത്തിലുടനീളം ധിക്കാരിസമൂഹങ്ങൾക്കുണ്ടായ നാശം ഈ പ്രപഞ്ചത്തെ പരിപാലിച്ചുകൊണ്ടിരിക്കുന്നത് ബോധശൂന്യവും അന്ധവുമായ ഒരു ശക്തിയല്ല എന്ന് വ്യക്തമായി വിളിച്ചോതുന്നു.
ഇത് തികച്ചും യുക്തിയുക്തമായ സംവിധാനമാണ്. അടിയുറച്ച ഒരു പ്രതിഫലവ്യവസ്ഥ ഇതിൽ പ്രവർത്തിക്കുന്നുണ്ട്. ഒരു സമൂഹവും ദുർവൃത്തികൾക്കുവേണ്ടി കയറൂരി വിടപ്പെടുന്നില്ല. ഒരിക്കൽ ഉത്ഥാനം പ്രാപിച്ചശേഷം

തുടർന്ന് പതനമില്ലാത്തവണ്ണം, എന്നെന്നും അക്രമങ്ങളിലും അനീതികളിലും വിഹരിക്കാൻ ആരും അനുവദിക്കപ്പെടുന്നില്ല. പ്രത്യുത ഒരു പരിധിയോളം ചെന്നെത്തിയാൽ ഒരു ബലിഷ്ഠഹസ്തം അവരെ പിടികൂടുകയും പുരോഗതി യുടെ ഉത്തുംഗതയിൽനിന്നു നിന്ദ്യതയുടെയും അധഃസ്ഥിതിയുടെയും കയത്തി ലേക്ക് വലിച്ചെറിയുകയും ചെയ്യുന്നു. ഈ യാഥാർത്ഥ്യം മനസ്സിലാക്കുന്ന വർക്ക് ഈ പ്രതിഫലനിയമം, മരണാനന്തരം, വ്യക്തിയിലും സമൂഹത്തിലും മനുഷ്യവംശത്തിന്റെ സാകല്യത്തിലും നീതി നടത്തപ്പെടുന്ന ഒരു പരലോക ത്തെ തേടുന്നുണ്ട്; എന്ന കാര്യത്തിൽ സംശയമുണ്ടാകുന്നതല്ല.

പാപികളായ സമൂഹം നശിപ്പിക്കപ്പെടുന്നതുകൊണ്ടുമാത്രം നീതിയുടെ താൽപ ര്യങ്ങൾ സംരക്ഷിക്കപ്പെടുന്നില്ല. അവർ ഏതൊരു കൂട്ടരുടെ ശവക്കൂനകളിൽ സ്വന്തം പ്രതാപത്തിന്റെ കോട്ടകൾ കെട്ടിപ്പടുത്തുവോ, അക്കൂട്ടർക്ക് അതുമൂലം നീതിയൊന്നും ലഭിക്കുന്നില്ല. നാശം വരുന്നതിനു മുമ്പ് ആ നാശകാരികൾ അനുവർത്തിച്ച കുറ്റങ്ങൾക്കുള്ള ശിക്ഷ ലഭിക്കുന്നുമില്ല. അവർ തങ്ങളുടെ പിൻതലമുറകൾക്കായി സ്ഥാപിച്ച ദുഷിച്ച പാരമ്പര്യങ്ങൾക്കുള്ള ശിക്ഷയും ലഭിക്കുന്നില്ല. ശിക്ഷയിറങ്ങുമ്പോൾ ആ സമൂഹത്തിലെ അവസാനത്തിലെ തലമുറയുടെ വർദ്ധിച്ച അക്രമണ പരമ്പരകൾ മാത്രമേ തകർക്കുന്നുള്ളു. ഓരോ മർദ്ദിതനും തനിക്കുണ്ടായ നഷ്ടത്തിനു തക്ക പരിഹാരം ലഭിക്കുകയും ഓരോ മർദ്ദകന്നും തന്റെ കുറ്റത്തിനനുസരിച്ച ശിക്ഷ കിട്ടുകയും, തിന്മയുടെ പ്രളയ ത്തിലും സന്മാർഗത്തിലുറച്ചുനിന്നു സംസ്കരണസംരംഭങ്ങളിലേർപ്പെടുകയും അതിന്റെ പേരിൽ അജീവനാന്തം അക്രമങ്ങൾക്കിരയാവുകയും ചെയ്തവർ അനു ഗ്രഹിക്കപ്പെടുകയും ചെയ്യുക എന്ന നീതിയുടെ മൗലിക ദൗത്യം എപ്പോഴും നിർവഹിക്കപ്പെടുന്നില്ല. എല്ലാ കുറ്റങ്ങൾക്കും ശിക്ഷിക്കാനും എല്ലാ സൽക്കർമ ത്തിനും പ്രതിഫലം നൽകാനും കഴിയുന്ന യാതൊരു സാമൂഹിക രാഷ്ട്രീയ സംവിധാനവും ഈ ലോകത്തില്ല.

മനുഷ്യനിൽ യുക്തിബോധം സൃഷ്ടിച്ച സ്രഷ്ടാവ് സ്വയം ഈ യുക്തിബോധ ത്തിൽ നിന്ന് മുക്തനാവുക സാധ്യമാണോ? ഇത്ര വിശാലമായ ഒരു ലോകത്ത് ഇത്രയേറെ സാധനസാമഗ്രികളും ഇത്ര വലിയ കഴിവുകളും ഏൽപിക്കപ്പെട്ട മനുഷ്യനെ ദൈവം വിസ്മരിച്ചുകളയുമെന്നും അവൻ ഒരിക്കലും വിചാരണ ചെയ്യപ്പെടുകയില്ലെന്നും വിശ്വസിക്കുക സാധ്യമാണോ? മനുഷ്യന്റെ ദുഷ് ചെയ്തികൾ ശിക്ഷയിൽനിന്ന് സുരക്ഷിതമാണെന്നോ അല്ലെങ്കിൽ അനുയോജ്യ മായ ശിക്ഷ ലഭിക്കാത്ത ദുഷ്ചെയ്തികളെക്കുറിച്ച് അന്വേഷിക്കുന്ന ഒരു നീതി പീഠം ഒരിക്കലും സ്ഥാപിക്കപ്പെടുകയില്ലെന്നോ നീതിനിഷ്ഠമായ സമ്മാനങ്ങ ളിൽനിന്ന് അകറ്റപ്പെട്ടുകൊണ്ടിരിക്കുന്ന സൽകൃത്യങ്ങൾ എക്കാലത്തും അങ്ങനെ അകറ്റപ്പെട്ടതായിത്തന്നെ ഇരിക്കുമെന്നോ ആരുടെയെങ്കിലും ബുദ്ധിക്ക് സാക്ഷ്യം വഹിക്കാൻ കഴിയുമോ?

ഇതെല്ലാം എന്നെങ്കിലുമൊരിക്കൽ സംഭവിക്കേണ്ടതനിവാര്യമാണ്. എന്തുകൊ ണ്ടെന്നാൽ, ഈ ലോകത്തിലെ പ്രതിഫല വ്യവസ്ഥയുടെ നിരന്തര പ്രവർത്തനം പ്രപഞ്ച പരിപാലനം നടത്തുന്ന അധികാരി, മനുഷ്യപ്രവർത്തനങ്ങളെ അവ യുടെ ധാർമ്മികമാനമനുസരിച്ചു തൂക്കി കണക്കാക്കുകയും പ്രതിഫലം നൽകു

കയും ചെയ്യുന്ന സ്വഭാവത്തിലും രീതിയിലുമുള്ളതാണെന്നു വിളിച്ചോതുന്നുണ്ട്.

ആളുകൾ അറിയുന്ന മനുഷ്യ കർമ്മങ്ങളെക്കുറിച്ചു മാത്രമല്ല, മനുഷ്യരിൽ നിന്നും ഒളിച്ചുവെച്ചുകൊണ്ട് പ്രവർത്തിക്കുന്ന കാര്യങ്ങളും തൻെറ ഏതു കർമ്മത്തിൻെറയും പിന്നിലുള്ള ലക്ഷ്യവും പ്രചോദനവും എന്താണെന്നും ഏതുദ്ദേശ്യത്തോടെയാണ് പ്രവർത്തിച്ചതെന്നും ഏതു ധാരണയോടെയാണ് ചെയ്തതെന്നും വ്യക്തമായി അറിയുന്നവൻ പ്രപഞ്ച സ്രഷ്ടാവല്ലാതെ മറ്റാരുമില്ലെന്ന് വ്യക്തമാണല്ലോ.

ഈ സംഗതിയെക്കുറിച്ച് ആഴത്തിൽ ആലോചിച്ചുനോക്കിയാൽ, കൈക്കൂലിയോ ശിപാർശയോ പ്രായശ്ചിത്തമോ മഹാത്മാക്കളോടുള്ള ബന്ധമോ വിലപ്പോവാത്ത, ഒരാളും ഒരാൾക്കും പാപത്തിനു പരിഹാരമാകാത്ത ദൈവത്തിൻെറ കോടതിയിൽ- കലവറയില്ലാത്ത പൂർണ 'നീതി'- എന്നത് പരലോകത്തു മാത്രമേ ഉണ്ടാകൂ എന്നും, സ്രഷ്ടാവിൻെറ കോടതിയിൽ മാത്രമേ അത് ലഭിക്കുകയുള്ളു എന്നും ബോധ്യപ്പെടുത്തിത്തരുന്ന വലിയൊരു യാഥാർഥ്യമാണതെന്നു കാണാം.

# 3

## തെളിവുകൾ

1- രണ്ടാമത്തെ ജീവിതം സംഭവ്യമാണ്.

കാരണം ഒന്നാമത്തെ ജീവിതത്തിൻെറ സംഭവ്യത ഒരു യാഥാർത്ഥ്യമായി നിലകൊള്ളുന്നുണ്ട്.

2- രണ്ടാമത്തെ ജീവിതം ആവശ്യമാണ്. കാരണം ഇന്നത്തെ ജീവിതത്തിൽ മനുഷ്യൻ തൻെറ ധാർമിക ബാധ്യത ശരിയായോ തെറ്റായോ നിർവഹിക്കുന്നതുമൂലം രക്ഷക്കോ ശിക്ഷക്കോ അർഹനായിത്തീരുന്നു. ഈ രക്ഷാശിക്ഷകൾ അനുഭവിക്കാൻ മനുഷ്യന് ഒരു മരണാനന്തര ജീവിതം ആവശ്യമാണെന്ന് ബുദ്ധിയും നീതിയും താൽപര്യപ്പെടുന്നു. അത്തരം ഒരു രണ്ടാം ജീവിതം ഉണ്ടെങ്കിൽ മാത്രമേ ഓരോ വ്യക്തിക്കും തൻെറ ധാർമിക നിലപാടിൻെറ അർഹമായ പ്രതിഫലം അനുഭവിക്കാൻ കിട്ടൂ.

3- ഈ പുനരുജ്ജീവിതം ബുദ്ധിയുടേയും നീതിയുടെയും താൽപര്യമാണെങ്കിൽ ആ താൽപര്യം സാക്ഷാൽക്കരിക്കപ്പെടുകതന്നെ വേണം. കാരണം യുക്തിയുടെയും നീതിയുടെയും പൂർത്തീകരിക്കാതിരിക്കുക എന്നത് യുക്തിമാനിൽ നിന്ന് ഒരിക്കലും പ്രതീക്ഷിക്കാവതല്ല.

ചിന്തിച്ചു നോക്കുകയാണെങ്കിൽ ഈ തെളിവുകളിലൂടെ മരണാനന്തര ജീവിതം സ്ഥാപിതമാകുമെന്നും ഇവ മൂന്നും അതിനു മതിയായ തെളിവുകൾ തന്നെയാണെന്നും മനസ്സിലാക്കാൻ പ്രയാസമില്ല.

ഈ മൂന്ന് തെളിവുകൾക്ക് ശേഷം വല്ലതിൻെറയും കുറവുണ്ടെങ്കിൽ അത് ഇതത്രെ: ഏതൊരു കാര്യം സംഭവ്യമാണോ, സംഭവിക്കുക അനിവാര്യമാണോ, സംഭവിക്കേണ്ടത് ദൈവത്തിൻെറ യുക്തിജ്ഞാനത്തിൻെറ താൽപര്യവും കൂടിയാണോ അത് മനുഷ്യൻെറ കൺമുമ്പിൽ കാണിക്കപ്പെടുക. ഇത് ഏതായാലും

ഐഹിക ജീവിതത്തിൽ നടക്കുന്നതല്ല. ഒരാൾ കണ്ടറിഞ്ഞു കഴിഞ്ഞ ഒരു കാര്യം വിശ്വസിക്കാൻ അയാളോട് ആവശ്യപ്പെടുന്നതിൽ ഒരർത്ഥവുമില്ല.

# 4

## പുനഃസൃഷ്ടി അസാധ്യമോ?

ആദ്യം സൃഷ്ടിച്ചത് ദൈവമാണെങ്കിൽ അവന് രണ്ടാമതും സൃഷ്ടിക്കാൻ കഴിയുമെന്നത് അത്ര ദുർഗ്രഹമായി തോന്നുകയില്ല.

ഓരോ വർഷവും ഉഷ്ണത്തിൻെറയും വരൾച്ചയുടെയും ഫലമായിഎണ്ണമററ സൃഷ്ടികൾക്ക് മൃത്യു ഭവിക്കുകയും പിന്നീട് വർഷപാതത്തിൻെറ അനുഗ്രഹത്താൽ ആ സസ്യങ്ങളും പ്രാണികളും ജീവവേദിയിൽ വീണ്ടും പ്രത്യക്ഷപ്പെടുകയും ചെയ്യുന്നത് നാം കണ്ടുകൊണ്ടിരിക്കുന്നു.

തികച്ചും വരണ്ടു നിർജ്ജീവമായ ഒരു പ്രദേശം. ഒരു മഴ ചാറേണ്ട താമസം, പെട്ടന്നതിനകത്തുനിന്ന് ജീവൻെറ ഉറവകൾ പൊട്ടിമുളക്കുന്നു. കാലങ്ങളായി മരിച്ചുകിടന്ന വേരുകളിൽ ഝടുതിയിൽ ജീവൻ തുടിക്കുന്നു. ഭൂമിയുടെ മടക്കുകളിൽനിന്ന് പലതരം പ്രാണികൾ പുറത്തുവന്ന് പാറിക്കളിക്കാൻ തുടങ്ങുന്നു. ഇത് മരണാനന്തരം പുനരുജ്ജീവനം അസംഭവ്യമല്ലെന്നതിൻെറ അനിഷേധ്യമായ തെളിവാകുന്നു.

എണ്ണമററ വസ്തുക്കൾ ഇല്ലായ്മയിൽനിന്നു ഉണ്ടായിവരുന്നു.

മറുവശത്ത് സകല വർഗ്ഗങ്ങളിലെയും അംഗങ്ങൾ ഇല്ലാതായിക്കൊണ്ടിരിക്കുന്നതോടൊപ്പം പിന്നെയും അതേ രൂപത്തിലുള്ള അംഗങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു.

വസ്തുക്കളെ ഇല്ലായ്മയിൽനിന്നു ഉൺമയിൽ കൊണ്ടുവരികയും ഒരിക്കൽ സൃഷ്ടിച്ചതുമതിയാക്കാതെ നമ്മുടെ കൺമുമ്പിൽ തന്നെ നശിച്ചു പോകുന്ന സാധനങ്ങളുടെ സ്ഥാനത്ത് അവയെപ്പോലുള്ളത് നിരന്തരം ഉണ്ടാക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്നത് ഏകദൈവമാണോ, എങ്കിൽ ആ ദൈവത്തിന് നാം മരിച്ചുപോയാൽ പിന്നെ പുനരുജ്ജീവിപ്പിക്കാൻ കഴിയില്ലെന്ന് സങ്കൽപ്പിക്കാമോ?

ദൈവത്തിൻെറ നിർമ്മാണവൈഭവത്തിൻെറ പ്രഥമ സൃഷ്ടിക്ക് നാം സാക്ഷികളാണല്ലോ; എങ്കിൽ അതേ ദൈവത്തിന് പിന്നെയും സൃഷ്ടിക്കാൻ കഴിവുണ്ടാകുമെന്ന് മനസ്സിലാക്കാൻ എന്താണ് പ്രയാസം? അത് അവൻെറ ശക്തിക്ക് അതീതമല്ല. ആകാവുന്നതുമല്ല. ദൈവം കഴിവില്ലാത്തവനാണെങ്കിൽ ആദ്യമേ സൃഷ്ടിക്കാൻ കഴിയുമായിരുന്നില്ല. ആദ്യം അവൻ സൃഷ്ടി നടത്തിക്കഴിഞ്ഞിരിക്കുന്നു. ആ സൃഷ്ടിപ്രക്രിയയിലൂടെയാണല്ലോ നാം ഉയിരെടുത്തത്. എങ്കിൽ പിന്നെ അവനുണ്ടാക്കിയ വസ്തുവിനെ വിഘടിപ്പിച്ച് പുനഃസംഘടിപ്പിക്കുവാൻ അവനുകഴിയില്ല എന്ന് സങ്കൽപ്പിക്കുന്നതിന് യുക്തിസഹമായ എന്താധാരമാണുള്ളത്?

ഇന്ന് ഈ ലോകത്തെ നിർമിച്ചവനാരോ അവന് ഇനിയും ലോകങ്ങളെ ഉണ്ടാക്കാൻ കഴിയുമെന്നതിനും ഈ പ്രപഞ്ചം സാക്ഷ്യം വഹിക്കുന്നുണ്ട്. അവന് അപ്രകാരം ചെയ്യാൻ സാധിക്കില്ലെന്നാണെങ്കിൽ ഇന്നത്തെ ലോകത്തെ അവൻ സൃഷ്ടിച്ചു നിർത്തിയത് എങ്ങനെയാണ്?

ഗംഭീരമായ സമുദ്രങ്ങളുടെ സൃഷ്ടിപ്പിലൂടെ തൻെറ മഹത്വത്തിൻെറ നിസ്സാരമായ പ്രതിഭാസം മാത്രം പ്രകടിപ്പിക്കുന്ന പരമശക്തൻ, അന്തരീക്ഷത്തിൽ കാണപ്പെടാത്ത പാശങ്ങളിൽ ബന്ധിക്കപ്പെട്ട് തൂങ്ങിക്കിടന്നു കറങ്ങുന്ന ഗോളത്തിൽ ഇത്ര വലിയ ജലശേഖരം ഉറപ്പിച്ചവൻ; അതിൽ അളവറ്റ ഉപ്പ് കലർത്തി വെച്ചവൻ, എണ്ണമറ്റ ജീവജാലങ്ങളെ ജന്തുജാലങ്ങളെ സൃഷ്ടിച്ചു വിടുകയും അവയ്ക്കുള്ള ആഹാരത്തിനുള്ള ഏർപാടുകൾ അതിനുള്ളിൽ തന്നെ ഉണ്ടാക്കി വെക്കുകയും ചെയ്തവൻ; വർഷാന്തം കോടാനുകോടി ടൺ ജലം അന്തരീക്ഷത്തിലേക്കുയർത്തി, മാരുത ഹസ്തങ്ങളിലൂടെ നയിച്ച് ലക്ഷക്കണക്കിന് ചതുരശ്ര മൈൽ കരപ്രദേശങ്ങളിൽ വ്യവസ്ഥാപിതമായി മഴ വർഷിപ്പിക്കുന്നവൻ, ഇതൊക്കെ ചെയ്തുകൊണ്ടിരിക്കുന്ന സർവശക്തനായ സ്രഷ്ടാവ്, ഒരിക്കൽ ജീവിപ്പിച്ച് മരിപ്പിച്ച മനുഷ്യനെ പിന്നീട് വേണമെന്ന് വെച്ചാലും സൃഷ്ടിക്കാൻ കഴിയാത്ത നിസ്സഹായനാണെന്ന് സങ്കൽപ്പിക്കുന്നത് അവർണനീയമായ സങ്കുചിതത്വമല്ലേ?

ഇന്ന് മനുഷ്യരുടെ നിലവിലുള്ള ശരീരവും അവൻ തന്നെ സംഘടിപ്പിച്ചിട്ടുള്ളതാണ്. ഇതേ മണ്ണിൽനിന്നും വെള്ളത്തിൽനിന്നും വായുവിൽനിന്നും തന്നെയാണതുൽപാദിപ്പിച്ചത്. ഈ ഘടകങ്ങളുടെ സമാഹരണം ഇന്ന് സാധ്യമാണെങ്കിൽ നാളെ എന്തുകൊണ്ട് അസാധ്യമാകണം?

മരിച്ചുപോകുന്നവരുടെ ജഡം ദ്രവിച്ച് എത്രയൊക്കെ ചിന്നിച്ചിതറിപ്പോയാലും ശരി, അത് ഈ അകാശഭൂമികളുടെ അതിർത്തിക്കപ്പുറം കടക്കുന്നില്ല. ഈ അതിർത്തിക്കകത്തു തന്നെയുണ്ട്. എന്നിരിക്കെ ഈ ഭൂമിയുടെയും ആകാശത്തിൻെറയും സ്രഷ്ടാവിന് അതിലെ മണ്ണിലും വെള്ളത്തിലും വായുവിലുമുള്ള ഏതു സാധനവും എവിടെനിന്നും പുറത്തുകൊണ്ടുവരാൻ എന്താണ് പ്രയാസം?

## 5

### പരലോക നിഷേധത്തിൻെറ അനന്തര ഫലങ്ങൾ.

മനുഷ്യചരിത്രത്തിൽ ചില സമൂഹങ്ങളൊന്നടങ്കം പരലോകത്തെ നിഷേധിക്കുകയോ, അത് സംബന്ധിച്ച് അശ്രദ്ധയിൽ വാഴുകയോ, അല്ലെങ്കിൽ മരണാനന്തര ജീവിതം സംബന്ധിച്ച് പരലോകത്തെ അർത്ഥശൂന്യമാക്കിത്തീർക്കുന്ന തെറ്റായ സിദ്ധാന്തങ്ങളാവിഷ്ക്കരിക്കുകയോ ചെയ്തുകൊണ്ട് കടന്നുപോയിട്ടുണ്ട്. പരലോകനിഷേധം ഏതുരൂപത്തിലായിരുന്നാലും അതിൻെറ അനന്തര ഫലം ജനങ്ങളുടെ ധാർമ്മികാധഃപതനമാണെന്ന് നിരന്തരമായ ചരിത്രാനുഭവങ്ങൾ തെളിയിച്ചിട്ടുമുണ്ട്. അവർ തങ്ങളെ ഉത്തരവാദിത്വമില്ലാത്തവരായി ഗണിച്ച് കടിഞ്ഞാണില്ലാത്ത കുതിരകളായിത്തീർന്നു. അക്രമങ്ങളിലും അനീതികളിലും ദുഷ്ടതകളിലും ദുരാചാരങ്ങളിലും അതിരുവിട്ടു വിഹരിച്ചു. അക്കാരണത്താൽ തന്നെ ജനതകൾക്കുമേൽ ജനതകൾ നശിച്ചുകൊണ്ടുമിരുന്നു.

പരലോകത്തെ നിഷേധിച്ച ഏതു സമൂഹവും ധിക്കാരികളാകാതെ തരമില്ല. അവർ അക്രമമർദ്ദനങ്ങളനുഷ്ഠിച്ചുകൊണ്ടിരിക്കും. പാപകൃത്യങ്ങളിലും മ്ലേഛവൃത്തികളിലും ആണ്ടുപോകും. ധാർമ്മികാധഃപതനം ഒടുവിൽ അവരെ നാശഗർത്തത്തിൽ തള്ളും. മനുഷ്യചരിത്രത്തിൽ നിരന്തരം ആവർത്തിച്ചുകൊണ്ടിരുന്ന

ഈ അനുഭവത്തിന് ഭൂമിയിലെവിടെയുമുള്ള മൺമറഞ്ഞ സമുദായങ്ങളുടെ അവശിഷ്ടങ്ങൾ സാക്ഷ്യം വഹിക്കുന്നുണ്ട്.
(പ്രവാചകൻ നൂഹി(അ)ൻെറ(നോഹ) ജനം, റസ്സ് വാസികൾ, ഥമൂഥ് വർഗം, ആദു വർഗം, ഫറവോൻ, പ്രവാചകൻ ലൂത്തിൻെറ സോദരങ്ങൾ, ഐക്കാ വാസികൾ, തുബ്ബഇൻെറ സമുദായം മുതലായവർ ഉദാഹരണം.

(വി.ഖു. അധ്യായം:50)

പരലോകത്തെ നിഷേധിച്ച പ്രസ്തുത സമൂഹങ്ങൾ ഭയാനകമായ ധർമച്യുതിയിലകപ്പെടുകതന്നെ ചെയ്തു. അവസാനം ദൈവശിക്ഷ വന്ന് ഈ ലോകത്തെ അവരുടെ അസ്തിത്വത്തിൽനിന്ന് മുക്തമാക്കുകയാണുണ്ടായത്.
യുഗാന്തരങ്ങളുടെ ചരിത്രം മനുഷ്യവംശത്തിനു തുടർച്ചയായി കാഴ്ചവെച്ചുകൊണ്ടിരിക്കുന്ന ഈ അനുഭവം പരലോകം ഒരു യാഥാർത്ഥ്യമാണെന്നും അതിനെ നിഷേധിക്കുന്നത് മനുഷ്യനെ സംബന്ധിച്ചിടത്തോളം നാശകരമാണെന്നും സ്ഥാപിക്കുന്നില്ലേ?
പരലോക വിശ്വാസവും അവിശ്വാസവും അഗാധമായി ബന്ധപ്പെട്ടിട്ടുള്ളത് മനുഷ്യൻെറ വീക്ഷണത്തിൻെറ അബദ്ധ-സുബദ്ധങ്ങളോടാണെന്ന് സ്പഷ്ടമാകുന്നു.
പരലോകത്തിൽ വിശ്വസിക്കുമ്പോൾ വീക്ഷണം ശരിയാകുന്നു. അവിശ്വസിക്കുമ്പോൾ തെറ്റുമാകുന്നു. പരലോകവിശ്വാസം സത്യോചിതമാണെന്നതിൻെറ വ്യക്തമായ തെളിവാണത്. പരലോകവിശ്വാസത്തിലൂടെ മനുഷ്യൻെറ ജീവിതം ശരിയായ പാതയിലൂടെ മുന്നോട്ട് പോകുന്നു. അവിശ്വാസമാകട്ടെ, യാഥാർത്ഥ്യ വിരുദ്ധമാണ്. അതിനാൽ ആ വണ്ടി താളം തെറ്റിതന്നെ ഓടിക്കൊണ്ടിരിക്കുന്നു.
പഥാർത്ഥങ്ങൾ എപ്പോഴും ഭൂമിയിലേക്ക് വീണുകൊണ്ടിരിക്കുന്നത് അനുഭവത്തിലൂടെയും പരിചയത്തിലൂടെയും കണ്ടുകൊണ്ടാണല്ലോ മനുഷ്യൻ ആകർഷണശക്തിയെ അംഗീകരിക്കുന്നത്. വിഷം കഴിച്ച ആരും മരിക്കുന്നതുകൊണ്ടാണ് അവർ വിഷം മാരകമാണെന്ന് മനസ്സിലാക്കുന്നത്. ഇതേപ്രകാരം പരലോകനിഷേധം എപ്പോഴും മനുഷ്യൻെറ ധാർമ്മികാധഃപതനത്തിനു കാരണമാകുമെന്നു സ്ഥിരപ്പെട്ടുവെങ്കിൽ പരലോകം ഒരു യാഥാർത്ഥ്യമാണെന്നും അതിനെ അവഗണിച്ചുകൊണ്ട് ഇഹലോകത്ത് ജീവിതം നയിക്കുന്നത് അബദ്ധമാണെന്നുമുള്ള പാഠം നൽകാൻ മതിയായതല്ലേ ആ അനുഭവം?
പരലോക നിഷേധം യഥാർത്ഥത്തിൽ ദൈവത്തിൻെറയും അവൻെറ കഴിവുകളുടെയും നിഷേധമാണ്. ദൈവം ദുർബലനും നിസ്സാരനും അറിവില്ലാത്തവനും അജ്ഞനുമാണെന്ന ചിന്തകൂടി ആ വാദത്തിൽ ഒളിഞ്ഞിരിക്കുന്നുണ്ട്.
പരലോകനിഷേധികൾ രണ്ടു വിധമാണ്.
1- ഒരുകൂട്ടർ വ്യക്തമായി നിഷേധിക്കുന്നവരാണ്.
2- മറ്റേ കൂട്ടർ അതിൻെറ സാധ്യതയെ ഒരു ഊഹമായി കരുതുന്നു.
പ്രത്യക്ഷത്തിൽ രണ്ടു കൂട്ടരും തമ്മിൽ അന്തരമുണ്ടെന്ന് തോന്നാമെങ്കിലും, അനന്തരഫലത്തിലും പരിണതിയിലും രണ്ടു വിഭാഗവും തമ്മിൽ യാതൊരു അന്തരവുമില്ല. അതിനാൽ പരലോക നിഷേധത്തിൻെറയും അതിൽ ബോധ്യ

മില്ലാതിരിക്കുന്നതിൻെറയും ധാർമിക ഫലങ്ങൾ ഒന്നു തന്നെയാകുന്നു. പര ലോകത്തെ അംഗീകരിക്കാത്തവനും അതിനെക്കുറിച്ച് ഉറപ്പില്ലാത്തവനും, രണ്ടു പേരും ദൈവത്തിൻെറ മുമ്പിൽ സമാധാനം ബോധിപ്പിക്കേണ്ടിവരും എന്ന ബോധത്തിൽനിന്ന് ഒരുപോലെ മുക്തരാകുന്നു. ഈ ബോധമില്ലായ്മ അവരെ വിചാരവും കർമ്മപരവുമായ മാർഗച്യുതിലകപ്പെടുത്തുക അനിവാര്യമാകുന്നു. പരലോകബോധ്യത്തിനു മാത്രമേ ലോകത്ത് മനുഷ്യൻെറ നിലപാടിനെ നേരെ യാക്കാൻ കഴിയൂ. അതില്ലെങ്കിൽ സന്ദേഹവും നിഷേധവും രണ്ടും ഒരേ വിധം അവനെ നിരുത്തരവാദിത്ത സ്വഭാവത്തിലേക്ക് തള്ളിവിടുന്നു. പരലോകവി ശ്വാസമില്ലാതെ മനുഷ്യനിൽ അടിയുറച്ച, സുഭദ്രമായ വിശിഷ്ട സ്വഭാവചര്യ കൾ വളർത്താൻ കഴിയില്ല. മനുഷ്യനെ മനുഷ്യത്വത്തിൻെറ പരിധിയിൽ പിടി ച്ചുനിർത്താൻ സാധിക്കുന്ന വല്ലതുമുണ്ടെങ്കിൽ അത്, താൻ ഉത്തരവാദിത്വ മില്ലാത്തവനല്ലെന്നും തൻെറ പ്രവർത്തനങ്ങൾക്കെല്ലാം ദൈവത്തിൻെറ മുമ്പിൽ സമാധാനം ബോധിപ്പിക്കേണ്ടതുണ്ടെന്നുമുള്ള ബോധം മാത്രമാണ്.

# 6

## പരലോക നിഷേധത്തിന് ശാസ്ത്രീയ മാധ്യമമില്ല.

മരണാനന്തരം ഒരു ജീവിതവുമില്ല എന്നറിയാൻ, പണ്ടും ഒരു പരലോകനിഷേ ധിയുടെ പക്കൽ യാതൊരുപാധിയുമുണ്ടായിരുന്നില്ല. ഇന്നുമില്ല.

ഈ ഭൗതിക ജീവിതത്തിനുശേഷം മനുഷ്യന് മറ്റൊരു ജീവിതമില്ല എന്ന് സൂക്ഷ്മമായി അറിയാൻ സാധിക്കുന്ന യാതൊരു ശാസ്ത്രീയ മാധ്യമവുമില്ല. ഖണ്ഡിതമായി പരലോകത്തെ നിഷേധിക്കുന്നതിന് ബുദ്ധിപരമോ ശാസ്ത്രീയമോ ആയ യാതൊരടിസ്ഥാനവുമില്ല.

ഇത്തരം കാര്യങ്ങളൊന്നും യാതൊരു ജ്ഞാനത്തെയും ആസ്പദമാക്കിയല്ല പറ യുന്നത്. കേവലം അനുമാനങ്ങൾ ജൽപിക്കുകയാണ്. ശാസ്ത്രത്തെ ആസ്പദ മാക്കി പറയുകയാണെങ്കിൽ നന്നെ കവിഞ്ഞാൽ ഇത്രയേ കഴിയൂ: മരണാനന്തരം മറ്റൊരു ജീവിതം ഉണ്ടോ ഇല്ലയോ എന്ന് നമുക്കറിഞ്ഞുകൂടാ. എന്നല്ലാതെ മര ണാനന്തരം മറ്റൊരു ജീവിതമില്ലെന്ന് നമുക്കറിയാം എന്നൊരിക്കലും പറയാനാ വില്ല. അതേ പ്രകാരം, മനുഷ്യജീവൻ ദൈവാജ്ഞയാൽ പിടിക്കപ്പെടുകയല്ല, ഒരു ഘടികാരം കുറേകാലം നടന്നശേഷം നിന്നുപോകുന്നതുപോലെ മനുഷ്യൻ മരിച്ചവസാനിക്കുകയാണ് എന്നു വാദിക്കാനും കഴിയില്ല. ഈ രണ്ടു കാര്യങ്ങ ളിൽ ഏതാണ് യഥാർത്ഥത്തിൽ സംഭവിക്കുന്നതെന്ന് നമുക്കറിഞ്ഞുകൂടാ. എന്നേ ഏറിയാൽ വാദിക്കാൻ പറ്റൂ.

അപ്പോൾ പ്രശ്നമിതാണ്: മാനുഷിക വിജ്ഞാനോപാധികളുടെ പരിധിയിൽ മരണാനന്തരജീവിതം ഉണ്ടാവാനും ഉണ്ടാവാതിരിക്കാനും ജീവൻ പിടിച്ചു വെക്ക പ്പെടുകയായിരിക്കാനും, കാലത്തിൻെറ കറക്കത്തിൽ മനുഷ്യൻ സ്വയം നശിക്കു ന്നതായിരിക്കാനും ഉള്ള സാധ്യതകൾ തുല്യമാകുന്നു. എങ്കിൽ പരലോകത്തെ നിഷേധിക്കുന്നവർ പരലോകസംഭവ്യതയുടെ സാധ്യതയെ നിഷേധിച്ച് ഉറ പ്പെന്നവണ്ണം പരലോക നിഷേധത്തിന്നനുകൂലമായ തീരുമാനമെടുക്കുന്നതി ൻെറ ന്യായമെന്താണ്? ഈ പ്രശ്നത്തിൽ പരലോകത്തെ നിഷേധിക്കുന്നവർ അന്തിമ തീരുമാനമെടുക്കുന്നത് തെളിവിനെ ആസ്പദമാക്കിയല്ല മറിച്ച് ജഡി

കേഛരകളെ ആസ്പദമാക്കിയാണ്. ഇതിന് വാസ്തവത്തിൽ വല്ല ന്യായീകാരണ വുമുണ്ടോ?
മരണാനന്തരം ജീവിതം ഉണ്ടെന്നു സ്ഥിരപ്പെടുന്നില്ലെങ്കിൽ തന്നെയും ഒരു നില ക്കും അതില്ലെന്നും സ്ഥിരപ്പെടുന്നില്ല. രണ്ടിനും സാധ്യതയുണ്ട്. മരണാനന്ത രം ഒരു ജീവിതമില്ലെങ്കിൽ പരലോകവാദികളും പരലോകനിഷേധികളുമെല്ലാം മരിച്ചു മണ്ണായിപ്പോകേണ്ടവരാണ്. ഇക്കാര്യത്തിൽ രണ്ടു കൂട്ടരും ഒരു പോലെ ത്തന്നെ. ഇനി മരണാനന്തരം ഒരു ജീവിതമുണ്ടെങ്കിൽ നിശ്ചയമായും നിഷേധി കളുടെ അവസ്ഥ ഗുണകരമായിരിക്കുകയില്ല.

# 7

## വ്യത്യസ്ത പരലോക സങ്കൽപങ്ങൾ

ചിലർ പറയുന്നു: ഈ ലോകം അനാദിയും അനന്തവുമാണ്. അന്ത്യനാളൊ ന്നും ഉണ്ടാവില്ല.
ചിലർ പറയുന്നു: ഈ ലോകം എന്നോ ഒരിക്കൽ ഉണ്ടായതാണ്. എന്നാൽ ഒരി ക്കൽ അതില്ലാതാവുകയും ചെയ്യും. എങ്കിലും മനുഷ്യനടക്കം നശിച്ചുപോകു ന്ന യാതൊന്നും പുനരാവിർഭവിക്കുക അസംഭവ്യമാകുന്നു.
ചിലർ പുനരുത്ഥാനത്തിൻെറ സംഭവ്യതയെ അംഗീകരിക്കുന്നു. പക്ഷേ, കർമ്മ ഫലം അനുഭവിക്കുന്നതിനുവേണ്ടി ഈ ലോകത്തുതന്നെ വീണ്ടും വീണ്ടും ജനിച്ചുകൊണ്ടിരിക്കുമെന്നാണവരുടെ വിശ്വാസം.
ചിലർ സ്വർഗ-നരകങ്ങളെ അംഗീകരിക്കുന്നു. അതോടൊപ്പം പുനർജന്മത്തെയും കൂട്ടിക്കെട്ടുന്നു. പാപികൾ നരകത്തിൽ പോയി ശിക്ഷ അനുഭവിച്ചശേഷം ഈ ലോകത്തും ശിക്ഷിക്കപ്പെടുന്നതിനുവേണ്ടി പുനർജന്മമെടുക്കുകകൂടി ചെയ്യുമെ ന്നാണവരുടെ വിശ്വാസം.
ചിലർ പറയുന്നു: ഐഹികജീവിതം തന്നെ ഒരു ശിക്ഷയാണ്. മനുഷ്യാത്മാ വിന് ഭൗതികജീവിതവുമായുള്ള ബന്ധം നിലനിൽക്കുന്ന കാലത്തോളം അവർ മരിച്ചാൽ വീണ്ടും ജന്മമെടുത്തുകൊണ്ടിരിക്കും. അവൻെറ യഥാർഥമോക്ഷം നിർവാണമാണ്. അതായത് സമ്പൂർണമായ ശൂന്യമാകൽ.
പരലോകത്തെയും സ്വർഗ-നരകങ്ങളെയും അംഗീകരിക്കുന്ന ചിലർ പറയുന്നു: ദൈവം തൻെറ ഏകപുത്രനെ കുരിശിൽ തറച്ചുകൊന്നു കൊണ്ട് എക്കാലത്തു മുള്ള മനുഷ്യപുത്രന്മാരുടെ പാപത്തിന് പ്രായശ്ചിത്തം ചെയ്തിരിക്കുന്നു. ആ ദൈവപുത്രനിൽ വിശ്വാസമർപ്പിച്ചുകൊണ്ട് മനുഷ്യന് അവൻെറ ദുഷ്കർമങ്ങ ളുടെ ദുഷ്ഫലങ്ങളിൽനിന്ന് മോചനം നേടാം.
ചിലർ പരലോകവും രക്ഷാ-ശിക്ഷകളും അംഗീകരിച്ചശേഷം കുറെ ശിപാർശ കരെ നിർദേശിച്ചുകൊണ്ട് പറയുന്നു: ഇവർ ഏകദൈവത്തിനു പ്രിയപ്പെട്ടവ രാണ്. ഏകദൈവത്തിങ്കൽ ഇവർക്ക് വമ്പിച്ച സ്വാധീനമുണ്ട്. അവരെ അവലം ബിക്കുന്നവർ ഈ ലോകത്തുവെച്ച് എന്തു തന്നെ ചെയ്തിട്ടുണ്ടെങ്കിലും ശിക്ഷ യിൽനിന്ന് സുരക്ഷിതരായിരിക്കും. പുണ്യാത്മാക്കളെ ചുറ്റിപറ്റിയുള്ള ഈ വിശ്വാസങ്ങളിലും എല്ലാവരും ഏകാഭിപ്രായക്കാരല്ല. ഓരോ വിഭാഗവും വെവ്വേ റെ ശിപാർശകരെയാണ് വരിക്കുന്നത്.

പാപിക്ക് അവൻെറ മനസ്സാക്ഷിക്കുത്ത് തന്നെ മതിയായ ശിക്ഷയും സുകൃതിക്ക് അവൻെറ മനസ്സംതൃപ്തിതന്നെ മതിയായ സമ്മാനവുമാണെന്ന വാദവും നിരർഥമായ ഒരു ദർശനപ്പകിട്ടല്ലാതൊന്നുമല്ല. ഒരുവൻ ഒരു നിരപരാധിയെ നിഷ്ഠുരമായി വധിക്കുകയും ഉടനെ ഒരത്യാഹിതത്തിൽ പെട്ടു മരിച്ചു പോവുകയും ചെയ്തുവെന്ന് വിചാരിക്കുക. എങ്കിൽ അവൻെറ മനസ്സാക്ഷിക്ക് അവനെ കുറ്റപ്പെടുത്താൻ അവസരമെവിടെ? സത്യത്തിനും നീതിക്കും വേണ്ടി പൊരുതാനിറങ്ങിയ ഒരാൾ, പെട്ടെന്ന് ഒരു സ്ഫോടനത്തിൽ ഛിന്നഭിന്നമായി തെറിച്ചു പോകുന്നു. താൻ മഹത്തായ ഒരു ലക്ഷ്യത്തിനുവേണ്ടി ജീവനർപ്പിച്ചുവെന്ന സംതൃപ്തിയനുഭവിക്കുവാൻ ഇയാളുടെ മനസ്സാക്ഷിക്ക് അവസരം കിട്ടുമോ?

മനുഷ്യൻ എപ്പോൾ തൻെറയും ഈ പ്രപഞ്ചത്തിൻെറയും പരിണതിയെക്കുറിച്ചു അഭിപ്രായം രൂപീകരിച്ചിട്ടുണ്ടോ അതൊന്നും ജ്ഞാനത്തിലധിഷ്ഠിതമായിരുന്നിട്ടില്ലെന്ന് ഈ വൈവിധ്യമാർന്ന വാദങ്ങൾതന്നെ സ്ഥാപിക്കുന്നുണ്ട്. ഇക്കാര്യങ്ങൾ നേരിട്ടറിയാൻ മനുഷ്യൻെറ പക്കൽ അവയല്ലാത്ത വല്ല ഉപാധിയും ഉണ്ടായിരുന്നുവെങ്കിൽ ഈ വിധം വ്യത്യസ്തവും വിരുദ്ധവുമായ സങ്കൽപങ്ങളും വിശ്വാസങ്ങളും ഉത്ഭവിക്കില്ലായിരുന്നു.

## 8

## പുനർജന്മം

ഒരു വ്യക്തിയോ, ഒരു വിഭാഗമോ, തെറ്റായ ഒരാദർശത്തിനോ നയത്തിനോ അടിത്തറ പാകിയാൽ സ്വന്തം തെറ്റിൻെറ ഉത്തരവാദിത്തം മാത്രമല്ല അവർ വഹിക്കുന്നത്; ലോകത്ത് ആരെല്ലാം അതിലാകൃഷ്ടരാകുന്നുവോ അവരുടെയെല്ലാം പാപഭാരത്തിൻെറ ഒരു പങ്കുകൂടി അവരുടെ കണക്കിൽ രേഖപ്പെടുത്തിക്കൊണ്ടിരിക്കുന്നതാണ്.

തൻെറ തെറ്റിനെത്തുടർന്നുണ്ടാകുന്ന ദുഷ്ഫലങ്ങൾ ഏതുവരെ നിലനിൽക്കുന്നുവോ അതുവരെ അവൻെറ റിക്കാർഡിൽ അവ രേഖപ്പെടുത്തിക്കൊണ്ടിരിക്കുകയും ചെയ്യും. അങ്ങനെ ഓരോ വ്യക്തിയും സ്വന്തം നന്മ തിന്മകൾക്കു മാത്രമല്ല ആ നന്മതിന്മകൾ അന്യരുടെ ജീവിതത്തിൽ പകർത്തുന്ന സ്വാധീനങ്ങൾക്കുകൂടി ഉത്തരവാദിയാണെന്നു വരുന്നു.

ഒരു നല്ല പൈതൃകത്തിൻെറ പ്രതിഫലം മനുഷ്യാരംഭം മുതൽ തലമുറ തലമുറയായി അതിനെ പകർന്നുതന്ന എല്ലാ സജ്ജനങ്ങൾക്കും ലഭിക്കേണ്ടതാണ്.

അനന്തരം ആ പൈതൃകത്തെ ഏറ്റെടുക്കുകയും വളർത്തിക്കൊണ്ടുവരികയും ചെയ്യുന്നതിൽ നാം അനുഷ്ഠിച്ച സേവനത്തിൻെറ പ്രതിഫലം നമുക്കും ലഭിക്കേണ്ടതുണ്ട്. മാത്രമല്ല, നാം ലോകത്ത് വിട്ടേച്ചുപോകുന്ന ആ സദ്വൃത്തിയുടെ ചിഹ്നങ്ങളും പ്രതിഫലനങ്ങളും നമ്മുടെ നന്മകളുടെ കണക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്. പ്രസ്തുത ചിഹ്നങ്ങൾ ലോകത്തവശേഷിക്കുകയും അതിൻെറ സൽഫലങ്ങളുടെ പരമ്പര മനുഷ്യസമുദായത്തിൽ നിലനിൽക്കുകയും ദൈവദാസന്മാർ അതിൻെറ ഫലം ആസ്വദിക്കുകയും ചെയ്യുന്ന കാലമത്രയും നമ്മുടെ റിക്കാർഡിൽ അവ രേഖപ്പെടുത്തിക്കൊണ്ടിരിക്കുകയും വേണം.

ഈ രൂപത്തിലൂടെ മാത്രമെ യഥാർത്ഥവും സമ്പൂർണവുമായ നീതി സാധ്യമാവുകയുള്ളു. കർമ്മഫലങ്ങൾക്കു ഐഹിക ജീവിതം തന്നെ മതിയെന്നും മറ്റൊരു ജീവിതത്തിൻെറ ആവശ്യമില്ലെന്നും പറയുന്നവരുടെ തെറ്റിദ്ധാരണകൾ ഈ യാഥാർത്ഥ്യം നല്ലപോലെ മനസ്സിലാകുന്നതോടെ നീങ്ങിപ്പോകും. മനുഷ്യന് പുനർജന്മത്തിലൂടെ സമ്പൂർണ കർമ്മഫലം ലഭിക്കുമെന്ന് നിനച്ചവരുടെ തെറ്റിദ്ധാരണകളും ഇതുമൂലം നീങ്ങുന്നതാണ്.

വാസ്തവത്തിൽ ആ രണ്ട് വിഭാഗങ്ങളും മാനുഷിക കർമ്മങ്ങളുടെയും അവയുടെ സ്വാധീനങ്ങളുടെയും വ്യാപ്തി മനസ്സിലാക്കാത്തവരും, നീതിയുക്തമായ പ്രതിഫലവും അതിൻെറ താൽപര്യങ്ങളും എന്താണെന്ന വ്യക്തമായ ധാരണയും ഇല്ലാത്തവരാണ്.

ഒരു മനുഷ്യൻ തൻെറ 50-60 വർഷത്തെ ജീവിതത്തിൽ ചെയ്യുന്ന നല്ലതോ തിയ്യതോ ആയ കർമ്മങ്ങളുടെ ഉത്തരവാദിത്വത്തിൽ, കഴിഞ്ഞു പോയ എത്രയോ തലമുറകൾ പങ്കാളികളാണ്. അവർക്കാകട്ടെ ഇന്ന് അതിനുള്ള രക്ഷയോ ശിക്ഷയോ ലഭിക്കുക സാധ്യമല്ല.

അതുപോലെതന്നെ നല്ലതോ തിയ്യതോ ആയ പ്രസ്തുത കർമ്മങ്ങൾ ചെയ്തുകൊണ്ടിരിക്കുന്ന വ്യക്തി മരിച്ചുപോകുന്നതോടെ അവയുടെ ഫലം അവസാനിക്കുന്നില്ല. ഭാവിയിൽ നൂറ്റാണ്ടുകളോളം അത് പരമ്പരാഗതമായി തുടർന്നുകൊണ്ടിരിക്കും. ലക്ഷക്കണക്കിലും കോടിക്കണക്കിലും ആളുകളിലേക്ക് വ്യാപിക്കും. ഈ ഫലം തുടരുകയും വ്യാപിക്കുന്നേടത്തോളവും അയാളുടെ കണക്കുപുസ്തകത്തിൻെറ ഏടുകൾ തുറന്നുകിടക്കുകയും ചെയ്യും. എന്നിരിക്കെ അയാളുടെ കർമ്മത്തിൻെറ പൂർണ്ണ പ്രതിഫലം ഇന്ന് ഈ ലോകത്തുവെച്ചു തന്നെ ലഭിക്കുമെന്ന് പറഞ്ഞാൽ അതെങ്ങനെ സാധ്യമാകും?

ആ കർമ്മഫലങ്ങളുടെ ലക്ഷത്തിൽ ഒരംശംപോലും ഇതുവരെ പ്രകടമായിക്കഴിഞ്ഞിട്ടില്ലെന്നിരിക്കെ അതെങ്ങനെ സംഭവ്യമാകും?

ഈ ലോകത്തെ പരിമിതമായ ജീവിതവും അതിലെ പരിമിതമായ സാധ്യതകളും മുമ്പിൽ വെച്ചാൽ ഇവിടെ ഒരാൾക്കും അയാളുടെ കർമ്മത്തിനുള്ള പൂർണമായ പ്രതിഫലം ലഭിക്കാൻ ഒട്ടും പഴുതില്ലെന്ന പരമാർത്ഥം വ്യക്തമാകുന്നതാണ്.

ഉദാഹരണത്തിന് ലോകത്ത് ഒരു മഹായുദ്ധത്തിന് തിരികൊളുത്തിയ ഒരാളെ സംബന്ധിച്ച് ചിന്തിച്ച് നോക്കുക. അയാളുടെ ദുഷ്ചെയ്തികളുടെ എണ്ണമറ്റ ദുഷ്ഫലങ്ങൾ ആയിരമായിരം വർഷങ്ങളോളം കോടിക്കണക്കായ ജനങ്ങൾ അനുഭവിക്കുന്നു. അയാൾ ചെയ്ത ആ കുറ്റത്തിന് ഈ ലോകത്ത് വെച്ച് നല്കാൻ കഴിയുന്ന പരമാവധി ശിക്ഷ ശാരീരികമോ, ധാർമികമോ, ആത്മീയമോ ഭൗതികമോ ആയ ശിക്ഷ നൽകിയാൽപോലും ആ കുറ്റത്തിന് മതിയായ നീതിയുക്തമായ ശിക്ഷയാകുമോ?

അതുപോലെ ഒരു മനുഷ്യൻ ആജീവനാന്തം മാനവസമുദായത്തിൻെറ നന്മക്കു വേണ്ടി പ്രവർത്തിക്കുകയും അതിൻെറ സൽഫലങ്ങൾ കണക്കില്ലാത്ത മനുഷ്യർ ആയിരമായിരം വർഷങ്ങളോളം അനുഭവിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നുവെ

ങ്കിൽ അദ്ദേഹത്തിൻെറ ആ സൽക്കർമത്തിന് മതിയായ പ്രതിഫലം ഇവിടെ വെച്ചുതന്നെ നൽകാൻ കഴിയുമെന്ന് വിഭാവനം ചെയ്യാൻ കഴിയുമോ?
ഈ ലോകത്തെ ഏറ്റവും മഹത്തായ സമ്മാനം പോലും യഥാർത്ഥത്തിൽ അതിനുള്ള പ്രതിഫലമാകുമോ?
കർമ്മത്തെയും കർമ്മഫലത്തെയും സംബന്ധിച്ച പ്രശ്നത്തെ ഈ വശത്തിലൂടെ വീക്ഷിക്കുന്ന പക്ഷം കർമ്മഫലത്തിന് മറ്റൊരു ലോകം അനിവാര്യമാണെന്ന് ഏതൊരാൾക്കും ബോധ്യപ്പെടുന്നതാണ്.
അതെ, എല്ലാ മുൻഗാമികളും പിൻഗാമികളും സമ്മേളിക്കുന്ന എല്ലാവരുടെയും കണക്കുപുസ്തകങ്ങൾ അടഞ്ഞുകഴിഞ്ഞശേഷം നിലവിൽ വരുന്ന ഒരു ലോകം.
ഈ വശത്തിലൂടെ ചിന്തിക്കുമ്പോൾ പുനർജന്മവാദികളുടെ മൗലികമായ മറ്റൊരബദ്ധം കൂടി നീങ്ങുന്നതാണ്.
ഹ്രസ്വമായ ഒരു 50 വർഷത്തെമാത്രം ജീവിതത്തിലെ കർമ്മഫലം ലഭിക്കണമെങ്കിൽ അതിനെക്കാൾ ആയിരമായിരമിരട്ടി ദൈർഘ്യമുള്ള ജീവിതം തന്നെ ആവശ്യമാണെന്ന യാഥാർത്ഥ്യം അവർ മനസ്സിലാക്കുന്നില്ല.
എന്നുമാത്രമല്ല, പ്രസ്തുത 50 വർഷത്തെ ജീവിതം അവസാനിക്കുന്നതോടെ രണ്ടാമതായും പിന്നെ മൂന്നാമതായും നമ്മുടെ ഉത്തരവാദപ്പെട്ട ജീവിതങ്ങൾ തന്നെ തുടരെ തുടരെ ഈ ലോകത്ത് പുനരാരംഭിച്ചു കൊണ്ടിരിക്കുമെന്നാണ് അവർ പറയുന്നതിനർത്ഥം.
അങ്ങനെ അനിവാര്യമായും നമുക്ക് നല്ലതോ തിയ്യതോ ആയ ഫലങ്ങൾ ലഭിക്കുന്ന പ്രവർത്തനങ്ങൾ ആ ജീവിതത്തിലും നാം ആവർത്തിച്ചുകൊണ്ടിരിക്കുകയും ചെയ്യും. ഇങ്ങനെയാണെങ്കിൽ കണക്ക് മുഴുമിക്കുന്നതിനു പകരം കൂടുതൽ പെരുകിക്കൊണ്ടിരിക്കുകയാണ് ചെയ്യുക. അത് മുഴുമിക്കുന്ന ഒരു ഘട്ടം ഒരിക്കലും വന്നു ചേരുകയില്ല.
മനുഷ്യൻ ധാർമിക കർമ്മങ്ങളുടെ രക്ഷ-ശിക്ഷകളനുഭവിക്കുന്നതിനു വേണ്ടി ഈ ലോകത്തുതന്നെ വീണ്ടും ജനിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുകയും വീണ്ടും കൂടുതൽ നന്മ-തിന്മകൾ ചെയ്തുകൊണ്ടേയിരിക്കുകയുമാണെങ്കിൽ അവർ പിന്നെയും രക്ഷ-ശിക്ഷകൾ തേടിക്കൊണ്ടിരിക്കുകയും അങ്ങനെ അവൻെറ കണക്ക് ഒരിക്കലും തീരാതെ അനന്തമായി തുടർന്നുപോവുകയും ചെയ്യും. ജന്മജന്മാന്തരങ്ങളിലൂടെ അവൻെറ കണക്ക് വളരുക മാത്രമേയുള്ളു. അതുകൊണ്ട് പ്രകൃതിയുടെ താൽപര്യം മനുഷ്യന് ഈ ലോകത്ത് ഒരു ജീവിതം മാത്രം ഉണ്ടാകുന്ന അവസ്ഥയിലേ പൂർത്തീകരിക്കപ്പെടൂ. അനന്തരം മുഴുവൻ മനുഷ്യരാശിയും അവസാനിച്ച ശേഷം മറുലോകത്ത് മറ്റൊരു ജീവിതമുണ്ടാകണം. അവിടെ മനുഷ്യകർമങ്ങൾ കൃത്യമായും കണിശമായും വിലയിരുത്തപ്പെടുകയും അതിന് തികഞ്ഞ രക്ഷ-ശിക്ഷകൾ നല്കുകയും വേണം.

മനുഷ്യൻെറ കണക്കു വിചാരണ, മരണാനന്തര ജീവിതത്തിൽ എല്ലാവരെയും ഒന്നിച്ചുതന്നെ നടത്തണമെന്നാണ് യുക്തിയുടെയും ജ്ഞാനത്തിൻെറയും തേട്ടം. കാരണം മനുഷ്യജീവിതത്തിൻെറ സമ്പൂർണമായ കർമ്മാവലിയാണ് വിചാരണ ചെയ്യപ്പെടേണ്ടത്. അതുകൊണ്ട് അതു നടക്കുന്നത് അനിവാര്യമായും ജീവിതമെന്ന കർമ്മാവധി അവസാനിച്ചശേഷമായിരിക്കണം. മനുഷ്യൻ വിചാരണ

ചെയ്യപ്പെടുന്നത് മനുഷ്യരാശിയുടെ കർമ്മജീവിതം പര്യവസാനിച്ചശേഷം തുടക്കം മുതൽ ഒടുക്കം വരെയുള്ള എല്ലാ മനുഷ്യരെയും ഒരുമിച്ച് കൂട്ടിക്കൊണ്ടുതന്നെയായിരിക്കണം.

# 9

## 'നാം' മണ്ണിലലിഞ്ഞുചേരും.

'നാം' എന്ന് വിളിക്കുന്നതേതിനേയാണോ അത് മണ്ണിലലിഞ്ഞുചേരും എന്ന വാദവും നിരർഥമാണ്. മണ്ണിൽ അലിയുക 'നാം' എന്ന സത്തയിൽനിന്ന് മുക്തമായ ജഡം മാത്രമാണ്. ഈ ജഡത്തിൻെറ പേരല്ല 'നാം'. ജീവിതകാലത്ത് ഈ ജഡത്തിൽനിന്ന് അവയവങ്ങഠം ഓരോന്നായി ഛേദിക്കപ്പെട്ടാലും 'നാം' എന്നത് സമ്പൂർണമായിത്തന്നെ നിലനിൽക്കുന്നു. അതിൻെറ ഒരംശവും ഛേദിക്കപ്പെട്ട അവയവത്തോടൊപ്പം പോകുന്നില്ല. ഒരു ജഡത്തിൽനിന്ന് ഈ 'നാം' പുറത്തുപോയാൽ പിന്നെ ആ ജഡം സമ്പൂർണരൂപത്തിൽ നിലനിന്നാലും അതിനെ 'നാം'മിൻെറ നേരിയ ഛായയെന്നുപോലും പറയില്ല. ഒരു കാമുകൻ തൻെറ പ്രാണപ്രേയസ്സിയുടെ മൃതദേഹമെടുത്ത് കുഴിച്ചുമൂടുന്നു. കാമുകി ആ ജഡത്തിൽനിന്നും പിരിഞ്ഞുപോയിരിക്കുന്നു എന്നതുതന്നെ കാരണം. ഇപ്പോഠം അത് കാമുകിയല്ല. ഒരിക്കലും തൻെറ കാമുകിയായിരുന്നിട്ടില്ലാത്ത ജഡത്തെ അയാഠം കുഴിച്ചുമൂടുന്നു.

ഈ 'നാമി'ൻെറ നിലവിലുള്ള ജനനം എങ്ങനെയാണ്? കാർബൺ, ചില ലോഹങ്ങഠം തുടങ്ങിയ ഏതാനും പദാർത്ഥങ്ങഠം. അവ സംയോജിച്ചുണ്ടായ പിണ്ഡത്തിൽ ഈ 'നാം' പ്രകാശിപ്പിക്കപ്പെട്ടിരിക്കുന്നു. ഇനി അതിൻെറ മരണാനന്തരം എന്താണ് സംഭവിക്കുക? ആ പിണ്ഡത്തിൽനിന്ന് 'നാം' ഊരിപ്പോയാൽ പിന്നെ അത് സംഘടിപ്പിക്കാൻ ഭൂമിയിൽനിന്ന് ശേഖരിക്കപ്പെട്ട ഘടകങ്ങളെല്ലാം ഭൂമിയിലെക്കുതന്നെ ചേരുന്നു.

'നാമിന്ന്' ഈ വിധം ഒരു സങ്കേതം ആദ്യം ഉണ്ടാക്കിക്കൊടുത്തതാരാണോ അവന് അതേ സങ്കേതം വീണ്ടും നിർമിച്ച് 'നാമിനെ' അതിൽ പുനരധിവസിപ്പിക്കാൻ കഴിയില്ലേ? ഒരിക്കൽ സാധ്യമായതും സംഭവരൂപത്തിൽ ദൃശ്യമായതുമായ ഒരു കാര്യം വീണ്ടും സാധിക്കുന്നതിനും സംഭവിക്കുന്നതിനും തടസ്സമെന്താണ്?

# 10

## ജഡികേഛ

പരലോകനിഷേധികഠം പരലോകനിഷേധത്തിനനുകൂലമായ അന്തിമതീരുമാനമെടുക്കുന്നത് തെളിവിനെ ആസ്പദമാക്കിയല്ല. മറിച്ച് ജഡികേഛകളെ ആസ്പദമാക്കിയാണ്. കാരണം അവരുടെ മനസ്സാഗ്രഹിക്കുന്നു, മരണാനന്തരം ഒരു ജീവിതം വേണ്ട. മരണത്തിൻെറ യാഥാർഥ്യം അസ്തിത്വത്തിൻെറ തിരോധാനവും ഇല്ലായ്മയും ആയിരിക്കണം. അല്ലാതെ ആത്മാവ് ദൈവത്താൽ പിടിച്ചുവെക്കപ്പെടുകയാവരുതെന്ന്. അവൻ സ്വന്തം താൽപര്യത്തിനിണങ്ങിയ വിശ്വാസ പ്രമാണമുണ്ടാക്കുകയും അതല്ലാത്തതെല്ലാം നിഷേധിക്കുകയും ചെയ്യുന്നു.

പരലോകത്തെ അംഗീകരിച്ചാൽ തങ്ങളുടെ മേൽ ചില ധാർമികനിയമങ്ങൾ ചുമത്തപ്പെടുമെന്നതും ആ നിയമങ്ങൾ അനുസരിക്കുക അവർക്ക് അസഹ്യവുമാകുന്നു.
പുനരുജ്ജീവിതം മനസ്സിലാകാത്ത ഒരു വലിയ കാര്യമാണ് എന്നതോ വിദൂര സാധ്യതയുള്ളതും വിചിത്രവുമായ കാര്യമാണ് എന്നതോ അല്ല യഥാർത്ഥ സംഗതി. തങ്ങൾ ഭൂമിയിൽ സ്വതന്ത്രരായി ഉപേക്ഷിക്കപ്പെടണം യഥേഷ്ടം കുറ്റം ചെയ്യാൻ കഴിയണം, മരിച്ചുപോയാൽ യാതൊരു ചോദ്യവുമുണ്ടാകരുത്, കർമ്മങ്ങൾക്ക് സമാധാനം ചോദിക്കരുത്, ഇതുവരെ കയറില്ലാക്കാളകളായി കഴിഞ്ഞുകൂടിയതുപോലെത്തന്നെ ഭാവിയിലും കഴിഞ്ഞുകൂടണം, ഇതുവരെ അനുവർത്തിച്ചുപോന്ന അക്രമവും നിരുത്തരവാദിത്വവും പാപവും കുറ്റകൃത്യങ്ങളും ദുർവൃത്തികളും ഭാവിയിലും നിർബാധം അനുവർത്തിക്കാൻ തങ്ങൾ വിട്ടയയ്ക്കപ്പെടണം എന്ന് അവരുടെ മനസ്സാഗ്രഹിക്കുന്നു. ഒരുനാൾ ദൈവസമക്ഷം ഹാജരായി സ്വകർമങ്ങൾക്കെല്ലാം സമാധാനം ബോധിപ്പിക്കേണ്ടിവരുമെന്ന വിചാരം ഈ അനാശാസ്യസ്വാതന്ത്ര്യത്തിനു തടസ്സമായിക്കൂടാ. അതിനാൽ പരലോകവിശ്വാസത്തിൽനിന്ന് അവരെ തടയുന്നത് വാസ്തവത്തിൽ അവരുടെ ബുദ്ധിയല്ല; അവരുടെ ജഡികേഛകളാണ്

## 11

### ദിവ്യബോധനം

ബുദ്ധിപരമായ തെളിവുകളെ ആധാരമാക്കി പരമാവധി പറയാൻ കഴിയുക പരലോകം സംഭവ്യമാകുന്നു എന്നും, സംഭവിക്കേണ്ടതാകുന്നു എന്നും മാത്രമാകുന്നു. അതിലപ്പുറം പരലോകം തീർച്ചയായും സംഭവിക്കുമെന്നും സംഭവിച്ചേ തീരൂ എന്നും പറയേണ്ടത് പരലോകമുണ്ടെന്ന് നേരിട്ടറിയാവുന്ന അസ്തിത്വം തന്നെയാണ്. അങ്ങനെ ഒരസ്തിത്വമാകട്ടെ പ്രപഞ്ചസ്രഷ്ടാവായ ഏകദൈവമല്ലാതെ മറ്റൊന്നില്ല. തെളിവുകൾക്കും ന്യായീകരണങ്ങൾക്കുമപ്പുറം സ്ഫുടമായ ജ്ഞാനത്തെ ആസ്പദമാക്കി ജീവിതത്തിൻെറ അടിത്തറ കെട്ടിപ്പടുക്കുകയാണെങ്കിൽ, ആ ജ്ഞാനം പ്രപഞ്ചസ്രഷ്ടാവായ ഏകദൈവത്തിങ്കൽനിന്നുള്ള ദിവ്യബോധനം മുഖേന മാത്രമേ ലഭ്യമാകൂ.
പ്രവാചകേതരനായ ഒരാൾക്ക് പരലോകത്തിൻെറ സത്യം സമർഥിക്കാൻ എത്ര സുഭദ്രമായ തെളിവുകളുന്നയിക്കാൻ കഴിഞ്ഞാലും അതിൻെറ ഫലം പരലോകത്തിൻെറ സംഭാവ്യതയാണ് അസംഭാവ്യതയെ അപേക്ഷിച്ച് കൂടുതൽ യുക്തിസഹവും സ്വീകാര്യവുമായിട്ടുള്ളത് എന്നു മാത്രമായിരിക്കും. പരലോകം ഉണ്ടെന്ന് നിസ്സന്ദേഹമായി അറിയുകയും തീർച്ചയായും അത് സംഭവിക്കുമെന്ന് ദൃഢമായി പ്രസ്താവിക്കുകയും ചെയ്യുന്ന വ്യക്തിയാണ് പ്രവാചകൻ. അതുകൊണ്ട് ഒരു പ്രവാചകന്ന് മാത്രമേ പരലോകം ഉണ്ടെന്ന് സത്യം ചെയ്ത് പറയാനാകൂ. കേവലം ബുദ്ധിപരമായ നിഗമനങ്ങളിലൂടെ പരലോകത്തിൻെറ സംഭാവ്യത അനുമാനിക്കുന്ന ദാർശനികന്ന് അതുണ്ടാകുമെന്ന് ആണയിട്ടുപറയാനാവില്ല. ഒരു പ്രവാചകൻെറ പ്രവചനത്തിലൂടെ മാത്രമേ പരലോകവിശ്വാസം ഉളവാകുകയുള്ളു. ദാർശനികൻെറ ന്യായവാദങ്ങൾക്ക് മറ്റുള്ള വരെ പോകട്ടെ, തന്നെ

പ്പോലും തൻെറ ന്യായവാദങ്ങളെ ആധാരമാക്കി അതിനെ തൻെറ വിശ്വാസ പ്രമാണമായംഗീകരിപ്പിക്കാനുള്ള കെല്പില്ല. ദാർശനികൻ ശരിയായി ചിന്തിക്കുന്ന ദാർശനികനാണെങ്കിൽ, പരലോകം ഉണ്ടായിരിക്കണം എന്ന നിഗമനത്തിനപ്പുറം കടക്കാൻ അയാൾക്കാവില്ല. ''തീർച്ചയായും അതുണ്ട്'' എന്ന് പറയേണ്ടത് ദൈവനിയുക്തനായ പ്രവാചകൻ മാത്രമാകുന്നു.

പ്രപഞ്ച സ്രഷ്ടാവ് തന്നെ ശരിയായ ജ്ഞാനമരുളിയാലല്ലാതെ ഇഹലോകത്ത് മനുഷ്യകുലത്തിന് സത്യമാർഗമേതെന്നറിയാനാവില്ല. സ്രഷ്ടാവിൽനിന്ന് ജ്ഞാനം ലഭിക്കുന്നതിന്നാവട്ടെ, മനുഷ്യരിൽനിന്നു തന്നെ ചില വ്യക്തികൾക്ക് അവൻ ജ്ഞാനമരുളുകയും അത് മറ്റു മനുഷ്യർക്കെത്തിച്ചുകൊടുക്കാൻ അവരെ ചുമതലപ്പെടുത്തുകയും ചെയ്യുക എന്നതല്ലാതെ വേറെ പ്രായോഗിക മാർഗവുമില്ല. ഈ ആവശ്യത്തിനുവേണ്ടിയാണ് അവൻ പ്രവാചകന്മാരെ സുവ്യക്തമായ പ്രമാണങ്ങളും (വേദഗ്രന്ഥങ്ങൾ) ദൃഷ്ടാന്തങ്ങളുമായി അയച്ചത്. പ്രവാചകന്മാരുടെ യാഥാർഥ്യത്തിൽ ന്യായമായ സന്ദേഹമുണ്ടാകാതിരിക്കാനുള്ള ഉപാധിയാണ് ദൈവികഗ്രന്ഥങ്ങൾ. മനുഷ്യന് ഖണ്ഡിതവും സ്പഷ്ടവുമായ മാർഗദർശനം അതുവഴി ലഭിക്കുന്നു.

ദൈവം സൃഷ്ടിച്ചിട്ടുള്ള സകല വസ്തുക്കളിലും, അബദ്ധദർശനങ്ങളിൽ നിന്നും, അബദ്ധമാർഗ്ഗങ്ങളിൽനിന്നും മോചനമാഗ്രഹിക്കുന്നവർക്ക്ദൃഷ്ടാന്തങ്ങളുണ്ട്. അത്യന്തം യുക്തിപരമായ രീതിയിൽ എല്ലാ ജീവിത പ്രതിഭാസങ്ങളിലും, ആ പ്രതിഭാസങ്ങളിൽ ഒളിഞ്ഞുകിടക്കുന്ന യാഥാർത്ഥ്യങ്ങളിലേക്കും വിരൽ ചൂണ്ടുന്ന ദൃഷ്ടാന്തങ്ങൾ വിതറിയിരിക്കുന്നു. യാഥാർഥ്യങ്ങളെക്കുറിച്ച് അറിവു നൽകുന്ന ദൃഷ്ടാന്തങ്ങൾ മനുഷ്യൻെറ മുന്നിൽ വെച്ചുകൊടുക്കുന്നതിൽ ഏകദൈവം അവൻെറ ഭാഗത്ത് യാതൊരു വീഴ്ച്ചയും വരുത്തിയിട്ടില്ല.

പ്രപഞ്ചത്തിൻെറ വിദൂരസീമകളിലും തന്നിൽതന്നെയുമുള്ള ഈ ദൃഷ്ടാന്തങ്ങൾ തന്നെ പുനരുത്ഥാനത്തെയും പരലോകത്തെയും കൂടി വ്യക്തമായി സാക്ഷ്യപ്പെടുത്തിക്കൊണ്ടിരിക്കുന്നു. മനുഷ്യൻ അവയ്ക്കു നേരെ കണ്ണടയ്ക്കുന്നുവെങ്കിൽ, അല്ലെങ്കിൽ ബുദ്ധിയുപയോഗിച്ച് ചിന്തിക്കുന്നില്ലെങ്കിൽ, അല്ലെങ്കിൽ ഈ ദൃഷ്ടാന്തങ്ങൾ സാക്ഷ്യപ്പെടുത്തുന്ന യാഥാർഥ്യങ്ങൾ സമ്മതിക്കാൻ മടിക്കുന്നുവെങ്കിൽ അതവൻെറ മാത്രം കുറ്റമാണ്.

എന്നാൽ ആ യാഥാർത്ഥ്യങ്ങൾ കണ്ടെത്താൻ, അന്ധമായ പക്ഷപാതങ്ങളിൽ നിന്നകന്ന്, ദൈവം നൽകിയ ജ്ഞാനോപാധികളുപയോഗിച്ച് ജ്ഞാനസമ്പാദനത്തിലേർപ്പെടുകയും, ദൈവികസൂക്തങ്ങൾ സദുദ്ദേശ്യത്തോടെ ഹൃദയം തുറന്നു കേൾക്കുകയും അതിനെക്കുറിച്ച് അവധാനതയോടെ ചിന്തിക്കുകയും ദുർമാർഗ്ഗത്തിൽനിന്ന് രക്ഷപ്പെട്ട് നേർവഴി പ്രാപിക്കാൻ സ്വയം ആഗ്രഹിച്ചുകൊണ്ടിരിക്കുകയും വേണം.

ദൈവികസൂക്തങ്ങൾക്കുനേരെ ഹൃദയകവാടങ്ങൾ കൊട്ടിയടക്കുകയും, നിഷേധിക്കണമെന്ന മുൻവിധിയോടെ കേൾക്കുകയും ഒട്ടും ചിന്തിക്കാതെ നേരത്തെ എടുത്ത തീരുമാനത്തിൽ ഉറച്ചുനിൽക്കുകയും ചെയ്യുന്നവർക്ക് യാതൊരു സൂക്തം കേട്ടാലും വിശ്വസിക്കാനാവണമെന്നില്ല.

ജനതകളുടെ വിനാശത്തിൻെറ മൂലകാരണം പ്രവാചകസന്ദേശങ്ങൾ നിരാകരിച്ചതും പരലോകത്തെ നിഷേധിച്ചതുമാണെന്നുള്ളത് മാനവചരിത്രം മുഴുവൻ സാക്ഷ്യപ്പെടുത്തിയിട്ടുള്ള യാഥാർഥ്യമാകയാൽ അതേ അപകട മാർഗത്തിൽ ചരിച്ച് ദൗർഭാഗ്യത്തെ സ്വയം വിളിച്ചുവരുത്തുന്നതിൽ ശഠിച്ചുനിൽക്കാതിരിക്കുക. ഏകദൈവം അവതരിപ്പിച്ച സന്മാർഗത്തിൽ (പരിശുദ്ധ ഖുർആൻ ആണ് ഉദ്ദേശ്യം) വിശ്വാസമർപ്പിക്കുക. സ്വയം പ്രകടിതമാവുകയും ഇരുട്ടിൽ മറഞ്ഞുകിടക്കുന്ന ചുറ്റുമുള്ള വസ്തുക്കളെ പ്രകടിതമാക്കുകയും ചെയ്യുന്ന വെളിച്ചം പോലെ ഒരു വിളക്കാണീ ഖുർആൻ. അതു സത്യമാണെന്ന യാഥാർഥ്യത്തെ അതു തന്നെ പ്രകാശിപ്പിക്കുന്നു. അതോടൊപ്പം സ്വന്തം ബുദ്ധികൊണ്ടും ജ്ഞാനം കൊണ്ടും മാത്രം ഗ്രഹിക്കാനാവാത്ത സംഗതികളെ അതിൻെറ പ്രകാശത്തിൽ മനുഷ്യന് മനസ്സിലാക്കാൻ സാധിക്കുകയും ചെയ്യുന്നു. ഈ ദീപം കൈവശമുള്ളവന് ചിന്താകർമങ്ങളുടെ എണ്ണമറ്റ വക്രമാർഗങ്ങൾക്കിടയിൽ സത്യത്തിൻെറ നേർപാത ഏതാണെന്ന് സ്പഷ്ടമായി കണ്ടെത്താൻ കഴിയും. അസത്യത്തിൻെറ ഇടുങ്ങിയ ഒറ്റയടിപ്പാതകൾ എവിടെനിന്നെല്ലാമാണ് വരുന്നതെന്നും ആപദ്ഗർത്തങ്ങൾ എവിടെയൊക്കെയാണുള്ളതെന്നും അവയ്ക്കിടയിൽ സത്യത്തിൻെറയും സമാധാന ത്തിൻെറയും പാത ഏതാണെന്നും ഓരോ ചുവടുവെയ്പിലും അവന്നറിയാൻ കഴിയുന്നതാണ്
ഊഹാധിഷ്ഠിതമായ തത്വശാസ്ത്രങ്ങളുടെ ഊരാക്കുടുക്കുകൾക്കിടയിൽ യാഥാർത്ഥ്യമെന്തെന്നും ഭിന്നവിരുദ്ധങ്ങളായ ധാർമ്മിക സിദ്ധാന്തങ്ങൾക്ക് മധ്യെ ശരിയായ ധാർമ്മികവ്യവസ്ഥ ഏതെന്നും ജീവിതത്തിൻെറ ഇടവഴികൾക്കിടയിൽ ചിന്താകർമ്മങ്ങളുടെ ഋജുവും വ്യക്തവുമായ രാജപാത ഏതെന്നും വിശുദ്ധ ഖുർആൻ കാണിച്ചുതരുന്നു. മാനവതയുടെ ഇഹ-പര ജീവിതത്തിന്നേർമാർഗം കാണിച്ചുകൊടുക്കുകയും ദിശാബോധം നൽകുകയും ചെയ്യുന്ന പ്രകാശഗോപുരമാണ് വിശുദ്ധ ഖുർആൻ.

---

മനുഷ്യരേ, മരണാനന്തര ജീവിതത്തെക്കുറിച്ച് വല്ല സന്ദേഹവുമുണ്ടെങ്കിൽ നിങ്ങൾ ഗ്രഹിച്ചിരിക്കുക. ആദിയിൽ നിങ്ങളെ നാം സൃഷ്ടിച്ചത് മണ്ണിൽനിന്നാകുന്നു. പിന്നെ രേതസ്കരണത്തിൽനിന്ന്, പിന്നെ രക്തപിണ്ഡത്തിൽനിന്ന്, പിന്നെ രൂപം പൂണ്ടതും അല്ലാത്തതുമായ മാംസപിണ്ഡത്തിൽനിന്ന്.(നാം ഇതു വിവരിക്കുന്നത്)നിങ്ങൾക്കു യാഥാർഥ്യം വെളിപ്പെടുത്തിത്തരുവാനത്രെ. നാം ഉദ്ദേശിക്കുന്ന ബീജങ്ങളെ ഒരു നിർണിത അവധിവരെ ഗർഭാശയങ്ങളിൽ നിവസിപ്പിക്കുന്നു. പിന്നെ നിങ്ങളെ ശിശുവായി പുറത്തുകൊണ്ടുവരുന്നു. (പിന്നെ നിങ്ങളെ നാം പരിപാലിക്കുന്നു)നിങ്ങൾ യൗവ്വനം പ്രാപിക്കാൻ. നിങ്ങളിൽ ചിലരെ നേരത്തെ തന്നെ തിരിച്ചുവിളിക്കുന്നു. ചിലരാവട്ടെ, എല്ലാം അറിഞ്ഞശേഷം ഒന്നും അറിയാത്തവരായി തീരാൻ വയോവാർധക്യത്തിലേക്ക് തള്ളപ്പെടുന്നു. ഭൂമി വരണ്ടു കിടക്കുന്നതായി നീ കാണുന്നു. പിന്നെ അതിൽ നാം മഴ വർഷിച്ചാൽ പെട്ടെന്ന് തുടികൊള്ളുന്നു, പുഷ്പിണിയാകുന്നു; കൗതുകമാർന്ന സകലയിനം ചെടികളേയും മുളപ്പിച്ചുതുടങ്ങുകയും ചെയ്യുന്നു. (അപ്രകാരമാണ് മരിച്ചവരെ പുനർജീവിപ്പിക്കുന്നതും) (വി.ഖു. 22:5)

''അവങ്കലേക്കുതന്നെയാകുന്നു നിങ്ങളെല്ലാം തിരിച്ചു പോകേണ്ടത്. ഇത് ഏക ദൈവത്തിൻെറ സത്യവാഗ്ദാനമാകുന്നു. നിസ്സംശയം, അവനാകുന്നു പ്രഥമ സൃഷ്ടി നടത്തുന്നത്. പിന്നീട് അവൻ തന്നെ രണ്ടാമതും സൃഷ്ടിക്കും. ഏക ദൈവവിശ്വാസം കൈക്കൊള്ളുകയും സൽക്കർമങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നവർക്ക് നീതിപൂർവ്വം പ്രതിഫലം നൽകേണ്ടതിനും അവിശ്വാസത്തിൻെറ മാർഗ്ഗം കൈക്കൊണ്ടവർ തങ്ങൾ അനുവർത്തിക്കുന്ന സത്യനിഷേധത്തിൻെറ ഫലമായി ചുട്ടുപൊള്ളുന്ന വെള്ളം കുടിക്കേണ്ടതിനും നോവുന്ന ശിക്ഷ അനുഭവിക്കേണ്ടതിനും.'' (വിശുദ്ധ ഖുർആൻ)